المبادئ المفيدة في التوحيد والفقه والعقيدة

# തൗഹീദ് ഫിഖ്ഹ് അഖീദ

## എന്നീ വിഷയങ്ങളിലെ ഉപകാരപ്രദമായ അടിസ്ഥാന തത്ത്വങ്ങൾ

للشيخ يحيى بن علي الحجوري - حفظه الله تعالى
ശൈഖ് യഹ്‌യ ബ്ൻ അലീ അൽ ഹജൂരി

# വിവർത്തക കുറിപ്പ്

ഇമാം ബുഖാരി رَحِمَهُ اللهُ തന്റെ സ്വഹീഹിൽ ഒരു അദ്ധ്യായം ആരംഭിക്കുന്നത് ഇങ്ങനെയാണ്, **''അറിവ് - പറയുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും മുമ്പ്''** എന്നിട്ട് ഈ ആയത്ത് ഉദ്ദരിച്ചു :

﴿ فَٱعۡلَمۡ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ وَٱسۡتَغۡفِرۡ لِذَنۢبِكَ ﴾

*''അല്ലാഹു അല്ലാതെ യാതൊരു ആരാധ്യനുമില്ലെന്ന് നീ അറിയുക, നിന്റെ തെറ്റുകൾക്ക് നീ പാപമോചനം തേടുകയും ചെയ്യുക.''*
(സൂറ മുഹമ്മദ്: 19)

കർമ്മങ്ങൾ ചെയ്യുന്നതിനു മുമ്പ് അറിവ് തേടേണ്ടതിന്റെ പ്രാധാന്യം ഇവിടെ വ്യക്തമാകുന്നു. യെമനിലെ ദാറുൽ ഹദീഥിന്റെ സ്ഥാപകനായ ഷൈഖ് മുഖ്ബിൽ رَحِمَهُ اللهُ യുടെ പ്രമുഖ ശിഷ്യനും അദ്ദേഹത്തിന്റെ പിൻഗാമിയുമായ ഷൈഖ് യഹ്‌യ ബ്ൻ അലീ അൽ ഹജൂരി حفظه الله യുടെ ഈ ഗ്രന്ഥം ഒരു മുസ്‌ലിം തീർച്ചയായും അറിഞ്ഞിരിക്കേണ്ട അടിസ്ഥാനപരമായ വിശ്വാസ കർമശാസ്ത്ര വിജ്ഞാന സംഗ്രഹമാണ്. നിരവധി ഭാഷകളിലേക്ക് പരിഭാഷ ചെയ്യപ്പെട്ട കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഉപകാരപ്രദമായ ഗ്രന്ഥം, വിഷയ വ്യക്തതക്ക് വേണ്ടി ആവശ്യമായ അടിക്കുറിപ്പുകളോടു കൂടി ദാറുൽ ഹദീഥിലെ മലയാളി വിദ്ധ്യാർഥികളുടെ സൂക്ഷ്മ വായനക്ക് ശേഷം നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

*''അല്ലാഹുവേ നിന്റെ വിശിഷ്ടമായ നാമങ്ങൾ കൊണ്ടും ഉന്നതമായ വിശേഷണങ്ങൾ കൊണ്ടും ഞങ്ങൾ ചോദിക്കുന്നു. ഈ കർമ്മം നിന്റെ പ്രീതി മാത്രം ഉദ്ദേശിച്ചു കൊണ്ട് മാത്രമുള്ളതാണ്. ഇത് മുഴുവൻ മലയാളി വിദ്ധ്യാർഥികൾക്കും ഉപകാരപ്പെടുന്ന സ്വീകാര്യ കർമ്മമാക്കി മാറ്റേണമേ...''*

بسم الله الرحمن الرحيم

## ആമുഖം

الحمدلله حمدا كثيرا طيبا مباركا فيه, وأشهد أن لا إله إلا الله وحده لا شريك له, وأشهد أن محمدا عبده ورسوله,أما بعد :

അല്ലാഹു ﷻ തന്റെ ഗ്രന്ഥത്തിൽ പറയുന്നു :

﴿أَمْ كُنتُمْ شُهَدَآءَ إِذْ حَضَرَ يَعْقُوبَ ٱلْمَوْتُ إِذْ قَالَ لِبَنِيهِ مَا تَعْبُدُونَ مِنۢ بَعْدِى ۖ قَالُوا۟ نَعْبُدُ إِلَٰهَكَ وَإِلَٰهَ ءَابَآئِكَ إِبْرَٰهِـۧمَ وَإِسْمَٰعِيلَ وَإِسْحَٰقَ إِلَٰهًا وَٰحِدًا وَنَحْنُ لَهُۥ مُسْلِمُونَ﴾

**"എനിക്ക് ശേഷം ഏതൊരു റബ്ബിനെയാണ് നിങ്ങൾ ആരാധിക്കുക? എന്ന് യഅ്ഖൂബ് മരണം ആസന്നമായ സന്ദർഭത്തിൽ തന്റെ സന്തതികളോട് ചോദിച്ചപ്പോൾ നിങ്ങളവിടെ സന്നിഹിതരായിരുന്നോ? അവർ പറഞ്ഞു: താങ്കളുടെ ആരാധ്യനായ, താങ്കളുടെ പിതാക്കളായ ഇബ്രാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും ആരാധ്യനായ ഏക ഇലാഹിനെ മാത്രം ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന്ന് കീഴ്പെട്ട് ജീവിക്കുന്നവരുമായിരിക്കും."**
(സൂറ അൽ ബഖറ: 133).

ഇബ്നു അബ്ബാസ് ؓ യിൽ നിന്ന് സ്വഹീഹായി ഉദ്ധരിക്കപ്പെട്ട ഹദീഥിൽ വന്നിരിക്കുന്നു : **"ഞാൻ ഒരു ദിവസം അല്ലാഹുവിന്റെ ദൂതരുടെ പിറകിൽ ഇരിക്കുകയായിരുന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു: മോനേ, തീർച്ചയായും ഞാൻ നിന്നെ ചില വാക്കുകൾ പഠിപ്പിക്കാൻ പോവുകയാണ്. നീ അല്ലാഹുവെ സൂക്ഷിക്കുക എന്നാൽ അവൻ നിന്നെ സംരക്ഷിക്കും, നീ അല്ലാഹുവെ സൂക്ഷിക്കുക എന്നാൽ നിനക്ക് സന്മാർഗ്ഗം കാണിച്ചുകൊണ്ട് അവൻ നിന്റെ മുന്നിലുണ്ടാകും, നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവോട്**

**ചോദിക്കുക, സഹായം തേടുകയാണെങ്കിൽ അല്ലാഹുവോട് സഹായം തേടുക. നീ അറിയുക, ഈ സമുദായം നിന്നെ സഹായിക്കാൻ ഒന്നിച്ച് കൂടിയാലും അല്ലാഹു നിനക്ക് വിധിച്ച ഒരു സഹായമല്ലാതെ അവർക്ക് ചെയ്യാൻ സാധിക്കുകയില്ല. ഇനി അവർ നിന്നെ ഉപദ്രവിക്കാൻ ഒരുമിച്ച് കൂടിയാലും അല്ലാഹു നിനക്ക് വരാൻ വിധിച്ച ഒരു ഉപദ്രവമല്ലാതെ നിന്നെ ബാധിക്കുകയില്ല. (വിധി രേഖപ്പെടുത്തുന്ന) പേനകൾ ഉയർത്തപ്പെട്ട് കഴിഞ്ഞു, (വിധി എഴുതുന്ന) കടലാസുകൾ ഉണങ്ങിക്കഴിഞ്ഞു.**

ഖുർആനും സുന്നത്തും ഇതുപോലെ ഉള്ള മറ്റു ആയത്തുകളും ഹദീഥുകളും, ചെറിയ കുട്ടികൾക്ക് അല്ലാഹുവിന്റെ തൗഹീദ്, അവനുള്ള ഇബാദത്ത്, അവന്റെ അതിർ വരമ്പുകൾ പാലിക്കൽ, അവനിൽ തവക്കുലാക്കൽ, അവന്റെ നിരീക്ഷണത്തെപ്പറ്റി മനസ്സിൽ ബോധം വെക്കൽ, അവന്റെ വിധി (ഖദർ) തുടങ്ങിയ വിഷയങ്ങളിൽ സമഗ്രമായ ചില കൊച്ച് വാചകങ്ങൾ പഠിപ്പിക്കുന്നതിനുള്ള അസ്ൽ (അടിസ്ഥാന പ്രമാണം) ആകുന്നു. ഇതാണ് മക്കളെ ശ്രേഷ്ടരായ സ്വാലിഹീങ്ങളാക്കി വളർത്തിയെടുക്കാൻ വഴി വെക്കുന്ന ശരിയായ ഇസ്‌ലാമിക തർബിയത്ത്. ഈ ഉദ്ദേശത്തോടെയാണ് എന്റെ മക്കൾക്ക് വേണ്ടി (അല്ലാഹു അവരെയും അവരെക്കൊണ്ട് മറ്റുള്ളവരെയും നന്നാക്കുമാറാകട്ടെ) തൗഹീദിന്റെയും ഫിഖ്ഹിന്റെയും അഖീദയുടെയും പ്രാരംഭ പാഠങ്ങൾ പഠിപ്പിക്കുന്ന ഈ ചുരുങ്ങിയ വാക്കുകൾ ഞാൻ എഴുതുന്നത്. പ്രാരംഭ പാഠങ്ങൾ പഠിപ്പിക്കുന്ന ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നുമുള്ള ദലീലുകൾ സഹിതമുള്ള ഈ ചുരുങ്ങിയ വാക്കുകൾ ഞാൻ രചിക്കുന്നത്. അല്ലാഹു ﷻ ഇത് കൊണ്ട് എന്റെയും മറ്റെല്ലാ മുസ്‌ലിംകളുടെയും മക്കൾക്ക് പ്രയോജനമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു,

അല്ലാഹുവാണ് തൗഫീഖ് നൽകുന്നവൻ.......

**അബീ അബ്ദിർറഹ്മാൻ യഹ്‌യ ബ്ൻ അലീ അൽ ഹജൂരി**

**റജബ് 1425 ഹിജ്റ.**

# <u>തൗഹീദ് , അഖീദ</u>

**(1) ആരാണ് നിന്നെ സൃഷ്ടിച്ചത്?** എന്ന് നിന്നോട് ചോദിച്ചാൽ

പറയുക : എന്നെ സൃഷ്ടിച്ചത് **അല്ലാഹു**വാണ് എന്ന്, അവൻ തന്നെയാണ് എല്ലാ സൃഷ്ടികളെയും സൃഷ്ടിച്ചത്.

തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു :

﴿ٱللَّهُ خَٰلِقُ كُلِّ شَيۡءٖۖ﴾

**“അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു.”**
(സൂറ സുമർ: 62)

**(2) ആരാണ് നിന്റെ റബ്ബ്?** എന്ന് നിന്നോട് ചോദിച്ചാൽ

പറയുക : **അല്ലാഹു**വാണ് എന്റെ റബ്ബ്. അവനാണ് എല്ലാ വസ്തുക്കളുടെയും റബ്ബ്.

തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു :

﴿قُلۡ أَغَيۡرَ ٱللَّهِ أَبۡغِي رَبّٗا وَهُوَ رَبُّ كُلِّ شَيۡءٖۚ﴾

**“പറയുക: റബ്ബായിട്ട് അല്ലാഹുവല്ലാത്തവരെ ഞാൻ തേടുകയോ? അവനാകട്ടെ മുഴുവൻ വസ്തുക്കളുടെയും റബ്ബാണ്.”**
(സൂറ അൽഅൻആം: 164)

അല്ലാഹു ﷻ പറയുന്നു :

﴿ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ﴾

**“സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു.”**

(സൂറ അൽഫാതിഹ: 2)

(3) **എന്തിനാണ് അല്ലാഹു നിന്നെ സൃഷ്ടിച്ചത്?** എന്ന് നിന്നോട് ചോദിച്ചാൽ

പറയുക : എല്ലാവരെയും അവൻ സൃഷ്ടിച്ചിട്ടുള്ളത് അവന് **ഇബാദത്ത്** ചെയ്യാൻ വേണ്ടിയാണ്.

തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു :

﴿وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ﴾

**"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല."**

(സൂറ അദ്ദാരിയാത്ത്: 56)

(4) **നിന്റെ മതം ഏതാണ്?** എന്ന് നിന്നോട് ചോദിച്ചാൽ

പറയുക : **ഇസ്‌ലാം** എന്ന സത്യമതമാകുന്നു എന്റെ മതം.

തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു :

﴿إِنَّ ٱلدِّينَ عِندَ ٱللَّهِ ٱلْإِسْلَٰمُ﴾

**"തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു."**

(സൂറ ആലുഇമ്രാൻ: 19)

﴿هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ﴾

**"അവനാണ് സൻമാർഗവും സത്യമതവുമായി തന്റെ ദൂതനെ അയച്ചവൻ."**

(സൂറ തൗബ: 33)

﴿وَمَن يَبْتَغِ غَيْرَ ٱلْإِسْلَٰمِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ﴾

**"ഇസ്‌ലാം (അല്ലാഹുവിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും."**

(സൂറ ആലു ഇമ്രാൻ: 85)

(5) **നിന്റെ പ്രവാചകൻ ആരാണ്?** എന്ന് നിന്നോട് ചോദിച്ചാൽ

പറയുക : എന്റെയും ഈ മുഴുവൻ സമുദായത്തിന്റെയും പ്രവാചകൻ **മുഹമ്മദ്** റസൂലുള്ളഹ്ﷺ യാണ്.

തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു :

﴿مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ﴾

**"മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു."**

(സൂറ അൽഅഹ്സാബ്: 40)

﴿هُوَ ٱلَّذِى بَعَثَ فِى ٱلْأُمِّيِّـۧنَ رَسُولًا مِّنْهُمْ يَتْلُوا۟ عَلَيْهِمْ ءَايَٰتِهِۦ وَيُزَكِّيهِمْ وَيُعَلِّمُهُمُ ٱلْكِتَٰبَ وَٱلْحِكْمَةَ وَإِن كَانُوا۟ مِن قَبْلُ لَفِى ضَلَٰلٍ مُّبِينٍ﴾

**"അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു."**

(സൂറ അൽജുമുഅ: 2)

﴿ فَآمِنُوا بِاللَّهِ وَرَسُولِهِ النَّبِيِّ الْأُمِّيِّ الَّذِي يُؤْمِنُ بِاللَّهِ وَكَلِمَاتِهِ وَاتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ ﴾

**"അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾ നേർമാർഗം പ്രാപിക്കാം."**

(സൂറ അൽഅഅ്റാഫ്: 158)

(6) **അല്ലാഹുവിന്റെ ഒരു അടിമയുടെ മേൽ ആദ്യമായി നിർബന്ധമായ കാര്യം (ഉത്തരവാദിത്വം) എന്താണെന്ന്?** നിന്നോട് ചോദിച്ചാൽ

പറയുക : അല്ലാഹുവിന്റെ **തൗഹീദ്** പഠിക്കുക എന്നുള്ളതാണ്.

തെളിവ് ഇബ്നു അബ്ബാസ് رضي الله عنهما വിൽ നിന്നുള്ള ഹദീഥാണ് :

**"മുആദ് ഇബ്ൻ ജബലിനെ യെമനിലേക്ക് റസൂൽ ﷺ അയച്ചപ്പോൾ റസൂൽ ﷺ അദ്ദേഹത്തോട് പറഞ്ഞു : 'നീ അഹ്ലുൽ കിതാബിൽ പെട്ട സമൂഹത്തിലേക്കാണ് ചെല്ലുന്നത്, അല്ലാഹുവിനു മാത്രം ആരാധിക്കുക എന്നതിലേക്കാണ് നീ ആദ്യമായി അവരെ ക്ഷണിക്കേണ്ടത്.'**

(ബുഖാരി)

(7) **'ലാ ഇലാഹ ഇല്ലല്ലാഹ്' യുടെ അർത്ഥം എന്താണ്?** എന്ന് നിന്നോട് ചോദിച്ചാൽ

പറയുക : സത്യമായും (അധികാരപ്രകാരം) ആരാധിക്കപ്പെടാൻ അല്ലാഹു മാത്രമേ അർഹനുള്ളൂ.

തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു :

﴿فَٱعۡلَمۡ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ﴾

**"ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്ന് നീ മനസ്സിലാക്കുക."**

(സൂറ മുഹമ്മദ്: 19)

﴿ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلۡحَقُّ﴾

**"അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ."**

(സൂറ അൽഹജ്ജ്: 62)

(8) **'മുഹമ്മദു റസൂലല്ലാഹ്' യുടെ അർത്ഥം എന്താണ്?** എന്ന് നിന്നോട് ചോദിച്ചാൽ

പറയുക : എല്ലാ മനുഷ്യരിലേക്കും (ജിന്നിൽ നിന്നും മനുഷ്യനിൽ നിന്നും) നിയോഗിക്കപ്പെട്ട അല്ലാഹുവിന്റെ ദൂതനാണ് മുഹമ്മദ് ﷺ.

തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു :

﴿وَمَآ أَرۡسَلۡنَٰكَ إِلَّا كَآفَّةً لِّلنَّاسِ﴾

**"മുഴുവൻ മനുഷ്യർക്കും വേണ്ടിയല്ലാതെ നിന്നെ നാം അയച്ചിട്ടില്ല"**

(സൂറ സബഅ്: 28)

നമുക്ക് എല്ലാവർക്കും നിർബന്ധമാണ് അദ്ദേഹത്തെ അനുസരിക്കലും നബി ﷺ യെ സത്യപ്പെടുത്തലും നബി ﷺ വിലക്കിയത് നാം ഒഴിവാക്കുകയും ചെയ്യണം.

തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു :

﴿قُلۡ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ﴾

**“നീ പറയുക : നിങ്ങൾ അല്ലാഹുവെ അനുസരിക്കുവിൻ. റസൂലിനെയും നിങ്ങൾ അനുസരിക്കുവിൻ.”**

(സൂറ അന്നൂർ: 54)

അബൂഹുറൈറﷺ റിപ്പോർട്ട് ചെയ്തിരിക്കുന്നു. റസൂൽﷺ പറഞ്ഞു :

**“എന്താണോ ഞാൻ നിങ്ങളോട് വിലക്കിയത് അത് നിങ്ങൾ കൈവിടുക, ഞാൻ കൽപ്പിച്ചത് എന്താണോ അത് കഴിവിന്റെ പരമാവധി ചെയ്യുക.”**

(ബുഖാരി, മുസ്‌ലിം)

അല്ലാഹു ﷻ പറയുന്നു :

﴿هَٰذَا مَا وَعَدَ ٱلرَّحۡمَٰنُ وَصَدَقَ ٱلۡمُرۡسَلُونَ﴾

**“ഇത് റഹ്മാനായ അല്ലാഹു വാഗ്ദാനം ചെയ്തതാണല്ലോ. അല്ലാഹുവിന്റെ ദൂതൻമാർ സത്യം തന്നെയാണ് പറഞ്ഞത്.”**

(സൂറ യാസീൻ: 52)

(9) **അല്ലാഹുവിന് നാം കൊടുക്കേണ്ട അവകാശം(ബാധ്യത) എന്താണ്?** എന്ന് നിന്നോട് ചോദിച്ചാൽ

പറയുക : അല്ലാഹുവിന്റെ അടിമകൾ അല്ലാഹുവിന് കൊടുക്കേണ്ട ബാധ്യത എന്തെന്നാൽ അല്ലാഹുവിനെ അവർ ആരാധിക്കുകയും അതിൽ ആരെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുക.

തെളിവ്: മുആദ് ഇബ്ൻ ജബൽ ﷺ റിപ്പോർട്ട് ചെയ്യുന്ന ഹദീഥാണ്, റസൂൽ ﷺ പറഞ്ഞു :

**"അല്ലാഹുവിന് അടിമകൾ നൽകേണ്ട അവകാശം അവനിൽ ആരെയും പങ്ക് ചേർക്കാതെ അവനെ മാത്രം ആരാധിക്കലാകുന്നു. അടിമകൾക്ക് അല്ലാഹു നൽകുന്ന അവകാശം തന്നിൽ പങ്ക് ചേർക്കാത്തവരെ ശിക്ഷിക്കാതിരിക്കുക എന്നതാണ്."**

(ബുഖാരി, മുസ്‌ലിം)

(10) **ശിർക്ക് എന്താണെന്ന്?** നിന്നോട് ചോദിച്ചാൽ

പറയുക : അല്ലാഹു ﷻ അല്ലാത്തവരെ ആരാധിക്കുക എന്നുള്ളതാണ്. എന്തൊക്കെ വിഷയങ്ങളാണോ അല്ലാഹുവിന് ഇബാദത്താകുന്നത് അത് അല്ലാഹു അല്ലാത്തവരോട് ചെയ്താൽ ശിർക്കാകും.

തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു :

﴿ * وَٱعْبُدُوا۟ ٱللَّهَ وَلَا تُشْرِكُوا۟ بِهِۦ شَيْـًٔا ﴾

**"നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക."**

(സൂറ അന്നിസാഅ്: 36)

(11) **റൂഹുള്ളവയുടെ (ആത്മാവ്) ചിത്രം ഉണ്ടാക്കുന്നതിന്റെ വിധി എന്താണ്?** എന്ന് നിന്നോട് ചോദിച്ചാൽ

പറയുക : റൂഹുള്ളവയുടെ ചിത്രം ഉണ്ടാക്കൽ വൻപാപങ്ങളിൽ പെട്ടതാണ്.

തെളിവ് ഇബ്ൻ മസ്ഊദ്ﷺ റിപ്പോർട്ട് ചെയ്യുന്ന ഹദീഥ്, റസൂൽﷺ പറഞ്ഞു :

**"ഖിയാമത് നാളിൽ ഏറ്റവും അധികം ശിക്ഷ ലഭിക്കുക, ചിത്രം ഉണ്ടാക്കുന്നവർക്കാണ്."**

(ബുഖാരി, മുസ്‌ലിം)

ഒരു ഹദീഥിൽ, അബൂ ജുഹൈഫﷺ പറഞ്ഞു :

**"നബിﷺ നായയുടെയും രക്തത്തിന്റെയും വില നിശിദ്ധമാക്കി... ചിത്രമുണ്ടാക്കുന്നവരെ ശപിക്കുകയും ചെയ്തു."**

(ബുഖാരി)

- **ചിത്രമുണ്ടാക്കുന്നതും ശിർക്കും തമ്മിൽ എന്താണ് ബന്ധമെന്ന്?** നിന്നോട് ചോദിച്ചാൽ

പറയുക : ചിത്രം അഥവാ രൂപം ഉണ്ടാക്കുന്നവൻ സൃഷ്ടിപ്പിന്റെ കാര്യത്തിൽ അല്ലാഹുവെ അനുകരിക്കാനും അവന് പങ്കാളിയാകാനുമാണ് ശ്രമിക്കുന്നത്.

തെളിവ്, ആഇശ رضي الله عنها റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ നബിﷺ പറഞ്ഞു :

**"അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ അനുകരിക്കുന്നവർക്കായിരിക്കും തീർച്ചയായും പരലോകത്ത് ഏറ്റവും വലിയ ശിക്ഷ."**

(ബുഖരി, മുസ്‌ലിം)

അബൂഹുറൈറﷺ റിപ്പോർട്ട് ചെയ്യുന്നു, നബിﷺ പറഞ്ഞു :

**"അല്ലാഹു ﷻ പറഞ്ഞു : 'ഏന്റെ സൃഷ്ടിപ്പിനെപ്പോലെ സൃഷ്ടിക്കാൻ ശ്രമിച്ചവനേക്കാൾ വലിയ അക്രമി ആരുണ്ട്?"**

(ബുഖാരി, മുസ്‌ലിം)

**(12) ഇബാദത്ത് അഥവാ ആരാധനയുടെ നിർവചനം എന്താണെന്ന്** ചോദിച്ചാൽ

പറയുക : അത് അല്ലാഹു ﷻ ഇഷ്ടപ്പെടുകയും പൊരുത്തപ്പെടുകയും ചെയ്യുന്ന എല്ലാത്തിനേയും ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു പദമാകുന്നു.

തെളിവ് അല്ലാഹുവിന്റെ വാക്കാകുന്നു :

﴿ إِن تَكْفُرُوا۟ فَإِنَّ ٱللَّهَ غَنِىٌّ عَنكُمْ ۖ وَلَا يَرْضَىٰ لِعِبَادِهِ ٱلْكُفْرَ ۖ وَإِن تَشْكُرُوا۟ يَرْضَهُ لَكُمْ ﴾

**“നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങളുടെ ആശ്രയത്തിൽ നിന്ന് മുക്തനാകുന്നു. തന്റെ ദാസൻമാർ നന്ദികേട് കാണിക്കുന്നത് അവൻ തൃപ്തിപ്പെടുകയില്ല. നിങ്ങൾ നന്ദികാണിക്കുന്ന പക്ഷം നിങ്ങളോട് അത് വഴി അവൻ സംതൃപ്തനായിരിക്കുന്നതാണ്.”**

(സൂറ അസ്സുമർ: 7)

**(13) അല്ലാഹു എവിടെയാണെന്ന്?** നിന്നോടു ചോദിക്കപ്പെട്ടാൽ,

പറയുക : അല്ലാഹു ﷻ ഉപരിയിലാകുന്നു. അവൻ അർഷിനു[1] മുകളിൽ ആകുന്നു.

തെളിവ് അല്ലാഹു ﷻ പറഞ്ഞു :

﴿ ءَأَمِنتُم مَّن فِى ٱلسَّمَآءِ أَن يَخْسِفَ بِكُمُ ٱلْأَرْضَ فَإِذَا هِىَ تَمُورُ ﴾

**“ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? അപ്പോൾ അത് (ഭൂമി) ഇളകിമറിഞ്ഞു കൊണ്ടിരിക്കും.”**

(സൂറ അൽ മുൽക്: 16)

[1] അല്ലാഹുവിന്റെ വിശിഷ്ടമായ സിംഹാസനം. അതിന്റെ വിശേഷണം നമ്മുടെ സങ്കൽപ്പങ്ങൾക്ക് അധീതവും സ്രഷ്ടാവായ അല്ലാഹുവിനു മാത്രം അറിയുന്നതുമാണ്.

﴿ ٱلرَّحۡمَٰنُ عَلَى ٱلۡعَرۡشِ ٱسۡتَوَىٰ ﴾

**"റഹ്മാനായ അല്ലാഹു അർഷിന് ഉപരിയിലായിരിക്കുന്നു."**

(സൂറ ത്വാഹ: 5)

ഒരു ഹദീഥിൽ, അബൂഹുറൈറ ﷺ റിപ്പോർട്ട് ചെയ്തു, നബി ﷺ പറഞ്ഞു :

**''നമ്മുടെ റബ്ബ് تبارك وتعالى എല്ലാ ദിവസവും രാത്രിയുടെ അവസാനത്തെ മൂന്നിലൊന്നു സമയമാകുമ്പോൾ ഒന്നാനാകാശത്തേക്ക് ഇറങ്ങുന്നു[2], എന്നിട്ട് അവൻ പറയുന്നു:**

**'എന്നോടു പ്രാർത്ഥിക്കുന്ന ആരാണുള്ളത്? അവന് ഞാൻ ഉത്തരം ചെയ്യും. എന്നോട് പാപമോചനത്തിന് തേടാൻ ആരാണുള്ളത്? അവന് ഞാൻ പൊറുത്തു കൊടുക്കും. എന്നോട് ചോദിക്കാൻ ആരാണുള്ളത്? അവന് ഞാൻ കൊടുക്കും.''**

(ബുഖാരി, മുസ്ലിം)

''**ഇറക്കം**'' എന്നത് മുകളിൽ നിന്ന് താഴേക്ക് മാത്രമേ ഉണ്ടാവുകയുള്ളൂ.

**(14) അല്ലാഹു നമ്മുടെ കൂടെയുണ്ടോ?** എന്നു ചോദിക്കപ്പെട്ടാൽ

പറയുക : അല്ലാഹു عز وجل തന്റെ അറിവ് കൊണ്ട് നമ്മുടെ കൂടെയുണ്ട്.

തെളിവ്, അല്ലാഹു പറഞ്ഞു :

﴿ وَهُوَ مَعَكُمۡ أَيۡنَ مَا كُنتُمۡ ﴾

**"നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട്."**

(സൂറ അൽഹദീദ്: 4)

[2] അല്ലാഹുവിന്റെ മഹത്വത്തിന് ഉതകുന്ന രീതിയിലുള്ള ഇറക്കം.

﴿ وَهُوَ اللَّهُ فِي السَّمَاوَاتِ وَفِي الْأَرْضِ يَعْلَمُ سِرَّكُمْ وَجَهْرَكُمْ وَيَعْلَمُ مَا تَكْسِبُونَ ﴾

**"അവൻ തന്നെയാണ് ആകാശങ്ങളിലും ഭൂമിയിലും സാക്ഷാൽ ആരാധ്യൻ.നിങ്ങളുടെ രഹസ്യവും നിങ്ങളുടെ പരസ്യവും അവൻ അറിയുന്നു. നിങ്ങൾ നേടിയെടുക്കുന്നതും അവൻ അറിയുന്നു."**

(സൂറ അൽഅൻആം: 3)

ഇബ്നു കഥീർ رحمه الله പറഞ്ഞു :

"അതായത് ആകാശത്തിലും ഭൂമിയിലുമുള്ള രഹസ്യവും പരസ്യവുമായ എല്ലാ കാര്യങ്ങളും അറിയുന്നവൻ അല്ലാഹുവാകുന്നു."

## (15) ഇസ്‌ലാം എന്നതിന്റെ നിർവചനം എന്താണെന്ന്? ചോദിക്കപ്പെട്ടാൽ

പറയുക : **ഇസ്‌ലാം** എന്ന് പറഞ്ഞാൽ തൗഹീദ്[3] കൊണ്ട് അല്ലാഹുവിനു സമർപ്പിക്കലും അനുസരണയോടു[4] കൂടി അവന് കീഴൊതുങ്ങലും ശിർക്കിൽ നിന്ന് ഒഴിഞ്ഞു നിൽക്കലുമാകുന്നു.

തെളിവ് അല്ലാഹുവിന്റെ വാക്കാകുന്നു :

﴿ فَإِلَٰهُكُمْ إِلَٰهٌ وَاحِدٌ فَلَهُ أَسْلِمُوا ۗ وَبَشِّرِ الْمُخْبِتِينَ ﴾

**"നിങ്ങളുടെ ആരാധ്യൻ ഏകനാകുന്നു. അതിനാൽ അവന്നു മാത്രം നിങ്ങൾ കീഴ്പെടുക. (നബിയേ,) വിനീതർക്ക് നീ സന്തോഷവാർത്ത അറിയിക്കുക."**

(സൂറ അൽഹജ്ജ്: 34)

[3] തൗഹീദ്: ആരാധനാ കർമ്മങ്ങളിൽ അല്ലാഹുവിനെ ഏകനാക്കുക. ( ചോദ്യം:23 കാണുക)

[4] അനുസരണ എന്നത് അല്ലാഹു കൽപ്പിച്ചത് നിറവേറ്റുകയും വിലക്കിയതിൽ നിന്ന് വിട്ടു നിൽക്കലുമാണ് – (ശൈഖ് ഉഥൈമീൻ - ശറഹ് ഉസൂലുഥലാഥ)

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسۡلِمُونَ ﴾

**“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്.”**

(സൂറ ആലു ഇമ്രാൻ: 102)

(16) **ഇസ്‌ലാമിന് എത്ര റുക്നുകൾ (അടിസ്ഥാന സ്തംഭങ്ങൾ) ഉണ്ടെന്ന്?** ചോദിച്ചാൽ

പറയുക : ഇസ്‌ലാമിന് 5 റുക്നുകളാകുന്നു. തെളിവ് ഉബ്നു ഉമർ ﷺ റിപ്പോർട്ട് ചെയ്ത ഹദീഥാകുന്നു, റസൂൽ ﷺ പറഞ്ഞു :

**‘‘ഇസ്‌ലാം 5 കാര്യങ്ങളിലായി പടുത്തുയർത്തപ്പെട്ടിരിക്കുന്നു. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുമില്ലെന്നും മുഹമ്മദ് അവന്റെ ദൂതനാണ് എന്നുമുള്ള സാക്ഷ്യം, നമസ്കാരം നിലനിർത്തൽ, സകാത്ത് കൊടുക്കൽ, ഹജ്ജ് ചെയ്യൽ, റമദാനിൽ നോമ്പെടുക്കൽ എന്നിവയാകുന്നു അവ.”**

(ബുഖാരി, മുസ്‌ലിം)

(17) **ഇസ്‌ലാം ദീൻ പൂർണമാണോ അതല്ല, ഇനിയും അതിലേക്കു കൂട്ടിച്ചേർക്കാനുണ്ടോ?** എന്ന് നിന്നോട് ചോദിച്ചാൽ

പറയുക : ഇസ്‌ലാം ഒരു പൂർണ്ണ ദീനാകുന്നു.

തെളിവ് അല്ലാഹുവിന്റെ വാക്കാകുന്നു :

﴿ ٱلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِى وَرَضِيتُ لَكُمُ ٱلْإِسْلَٰمَ دِينًا ﴾

**"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു."**

(സൂറ അൽമാഇദ: 3)

**(18) ഒരു മുസ്‌ലിം എവിടെ നിന്നാണ് തന്റെ ദീൻ സ്വീകരിക്കേണ്ടത്?** എന്ന് നിന്നോട് ചോദിച്ചാൽ

പറയുക : ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും സലഫുസ്സാലിഹുകളുടെ[5] മൻഹജ് അനുസരിച്ചുമാണ് ഒരു മുസ്‌ലിം തന്റെ ദീൻ സ്വീകരിക്കേണ്ടത്,

തെളിവ് അല്ലാഹുവിന്റെ വാക്കാകുന്നു :

﴿ أَوَلَمْ يَكْفِهِمْ أَنَّآ أَنزَلْنَا عَلَيْكَ ٱلْكِتَٰبَ يُتْلَىٰ عَلَيْهِمْ ﴾

**"നാം നിനക്ക് വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു. എന്നതു തന്നെ അവർക്കു (തെളിവിന്) മതിയായിട്ടില്ലേ? അതവർക്ക് ഓതികേൾപിക്കപ്പെട്ട് കൊണ്ടിരിക്കുന്നു."**

(സൂറ അൽഅൻകബൂത്: 51)

[5] **സലഫുസ്സാലിഹുകൾ** : സച്ചരിതരായ മുൻഗാമികൾ.

﴿فَإِن تَنَٰزَعۡتُمۡ فِي شَيۡءٖ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمۡ تُؤۡمِنُونَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۚ﴾

**"ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.)"**

(സൂറ അന്നിസാഅ്: 59)

﴿صِرَٰطَ ٱلَّذِينَ أَنۡعَمۡتَ عَلَيۡهِمۡ غَيۡرِ ٱلۡمَغۡضُوبِ عَلَيۡهِمۡ وَلَا ٱلضَّآلِّينَ﴾

**"നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല."**

(സൂറ അൽഫാതിഹ: 7)

﴿وَمَن يُشَاقِقِ ٱلرَّسُولَ مِنۢ بَعۡدِ مَا تَبَيَّنَ لَهُ ٱلۡهُدَىٰ وَيَتَّبِعۡ غَيۡرَ سَبِيلِ ٱلۡمُؤۡمِنِينَ نُوَلِّهِۦ مَا تَوَلَّىٰ وَنُصۡلِهِۦ جَهَنَّمَۖ وَسَآءَتۡ مَصِيرًا﴾

**"തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും റസൂലുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!"**

( സൂറ അന്നിസാഅ്: 115)

(19) **നിന്റെ അഖീദ എന്താണെന്ന്?** ചോദിച്ചാൽ

പറയുക : ഞാൻ ഒരു സുന്നി, അഥവാ സലഫി ആകുന്നു.

തെളിവ് ഇർബാദ് ഇബ്നു സാരിയ ﷺ റിപ്പോർട്ട് ചെയ്ത ഹദീഥാകുന്നു. അതിൽ റസൂൽ ﷺ പറഞ്ഞു :

**"അപ്പോൾ നിങ്ങൾ എന്റെയും സച്ചരിതരായ എന്റെ പിൻഗാമികളുടെയും ചര്യ പിൻപറ്റുക. അതിൽ നിങ്ങൾ ഉറച്ചു നിൽക്കുകയും അതിനെ അണപ്പല്ലുകൾ കൊണ്ട് കടിച്ചു പിടിക്കുകയും ചെയ്യുക. തീർച്ചയായും പുതുതായി (ദീനിൽ) കടത്തിക്കൂട്ടുന്ന കാര്യങ്ങളെല്ലാം ബിദ്അത്തുകളാകുന്നു, ബിദ്അത്തുകളെല്ലാം ദലാലത്തുകളാകുന്നു(വഴികേട്)."**

(അബൂദാവൂദും മറ്റുള്ളവരും രേഖപ്പെടുത്തിയ ഈ ഹദീഥ് ഹസൻ ആകുന്നു.)

(20) **ഭൂമിയിലേക്ക് നിയോഗിക്കപ്പെട്ട ആദ്യത്തെയും അവസാനത്തെയും ദൂതന്മാർ ആരാണ്?** എന്ന് നിന്നോട് ചോദിക്കപ്പെട്ടാൽ

പറയുക : അവരിൽ അദ്യത്തെയാൾ നൂഹ് ﵇ മും അവസാനത്തെയാൾ നബിമാരിൽ ഏറ്റവും ശ്രേഷ്ഠനും നമ്മുടെ നബിയുമായ മുഹമ്മദും ﷺ ആകുന്നു. അദ്ദേഹത്തിന്റെ നിയോഗം ഖിയാമത്തിന്റെ ചെറിയ അടയാളങ്ങളിൽ ഒന്നാമത്തേതാകുന്നു, അവരിലെല്ലാം വിശ്വസിക്കൽ നമുക്ക് നിർബന്ധവുമാകുന്നു. അബൂഹുറൈറ ﷺ റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ മഹ്ശറയിലെ ആളുകളെപ്പറ്റി റസൂൽ ﷺ പറഞ്ഞു :

**"അവർ നൂഹിന്റെ അടുത്ത് ചെന്നുകൊണ്ട് പറയും, താങ്കളാണ് ഭൂമിവാസികളിലേക്ക് നിയോഗിക്കപ്പെട്ട ആദ്യ റസൂൽ, നിങ്ങളെ അല്ലാഹു നന്ദിയുള്ള ദാസൻ എന്നു വിളിക്കുകയും ചെയ്തിരിക്കുന്നു."**

(ബുഖാരി മുസ്ലിം)

അവരിൽ അവസാനത്തെയാൾ മുഹമ്മദ്ﷺ ആണെന്നതിന്റെ തെളിവ് അല്ലാഹുവിന്റെ വാക്കാകുന്നു :

﴿مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ﴾

**"മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു."**

(സൂറ അൽഅഹ്സാബ്: 40)

ഥൗബാൻرضي الله عنه ഉദ്ധരിച്ച ഹദീഥിൽ നബിﷺ പറഞ്ഞു :

**"ഞാൻ നബിമാരുടെ അന്തിമ മുദ്രയാകുന്നു. എനിക്ക് ശേഷം ഒരു നബിയും വരാനില്ല."**

(മുസ്‌ലിം)

പ്രവാചകന്മാരിൽ വെച്ച് ഏറ്റവും ശ്രേഷ്ഠൻ അവിടുന്നാകുന്നു എന്നതിന്റെ തെളിവ്, അബൂഹുറൈറرضي الله عنه വിന്റെ ഹദീഥ് ആകുന്നു. നബിﷺ പറഞ്ഞു :

**"ഖിയാമത്തുനാളിൽ ഞാൻ സകല ജനങ്ങളുടെയും നേതാവാകുന്നു."**

(ബുഖാരി, മുസ്‌ലിം)

എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കേണ്ടതുണ്ടെന്നും അവരിൽ ഒരാളിൽ അവിശ്വസിച്ചവൻ എല്ലാവരിലും അവിശ്വസിച്ചതിനു തുല്യനെന്നും പറയാനുള്ള തെളിവ് അല്ലാഹുവിന്റെ വാക്കാകുന്നു:

﴿ ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيۡهِ مِن رَّبِّهِۦ وَٱلۡمُؤۡمِنُونَۚ كُلٌّ ءَامَنَ بِٱللَّهِ وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ لَا نُفَرِّقُ بَيۡنَ أَحَدٖ مِّن رُّسُلِهِۦ ﴾

**"തന്റെ റബ്ബിൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും, അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതൻമാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല. (എന്നതാണ് അവരുടെ നിലപാട്.)**

(സൂറ അൽബഖറ: 285)

﴿ إِنَّ ٱلَّذِينَ يَكۡفُرُونَ بِٱللَّهِ وَرُسُلِهِۦ وَيُرِيدُونَ أَن يُفَرِّقُواْ بَيۡنَ ٱللَّهِ وَرُسُلِهِۦ وَيَقُولُونَ نُؤۡمِنُ بِبَعۡضٖ وَنَكۡفُرُ بِبَعۡضٖ وَيُرِيدُونَ أَن يَتَّخِذُواْ بَيۡنَ ذَٰلِكَ سَبِيلًا ١٥٠ أُوْلَٰٓئِكَ هُمُ ٱلۡكَٰفِرُونَ حَقّٗاۚ وَأَعۡتَدۡنَا لِلۡكَٰفِرِينَ عَذَابٗا مُّهِينٗا ﴾

**"അല്ലാഹുവിലും അവന്റെ ദൂതൻമാരിലും അവിശ്വസിക്കുകയും, (വിശ്വാസകാര്യത്തിൽ)അല്ലാഹുവിനും അവന്റെ ദൂതൻമാർക്കുമിടയിൽ വിവേചനം കൽപിക്കാൻ ആഗ്രഹിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും, ചിലരെ നിഷേധിക്കുകയും ചെയ്യുന്നു എന്ന് പറയുകയും, അങ്ങനെ അതിന്നിടയിൽ (വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ) മറ്റൊരു മാർഗം സ്വീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവരാരോ, അവർ തന്നെയാകുന്നു യഥാർത്ഥത്തിൽ സത്യനിഷേധികൾ. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്."**

(സൂറ അന്നിസാഅ്: 150,151)

അദ്ദേഹത്തിന്റെ നിയോഗം അന്ത്യദിനത്തിന്റെ 'ചെറിയ അടയാളങ്ങളിൽ' ഒന്നാമത്തേതാകുന്നു എന്നതിനുള്ള തെളിവ് സഹൽ ബിൻ സഅദ്ﷺ വിന്റെ ഹദീഥ് ആകുന്നു. നബിﷺ പറഞ്ഞു :

**"ഞാനും അന്ത്യനാളും ഇതു പോലെയാകുന്നു നിയോഗിക്കപ്പെട്ടിരിക്കുന്നത്, എന്നിട്ടദ്ദേഹം തന്റെ രണ്ടു വിരലുകൾ തമ്മിൽ ചേർത്തു പിടിച്ച് കാണിച്ചു. അനസ് ബ്നു മാലിക്ﷺ വിന്റെ ഹദീഥിൽ ഞാനും അന്ത്യനാളും ഇങ്ങനെയാകുന്നു എന്നു പറഞ്ഞു കൊണ്ട് റസൂൽﷺ തന്റെ ചൂണ്ടുവിരലും നടുവിരലും ചേർത്ത് പിടിച്ചു."**

(രണ്ടു ഹദീഥും ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചത്)

## (21) എല്ലാ നബിമാരും എന്തിലേക്കാണ് ജനങ്ങളെ ക്ഷണിച്ചത്? എന്ന് ചോദിച്ചാൽ

പറയുക : യാതൊരു പങ്കാളികളെയും സ്വീകരിക്കാതെ അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതിലേക്കാണ് അവരെല്ലാം ക്ഷണിച്ചത്. തെളിവ് അല്ലാഹുവിന്റെ ഈ വാക്കാകുന്നു :

﴿وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ﴾

**"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.)"**

(സൂറ നഹ്ൽ: 36)

## (22) എല്ലാ ദൂതന്മാരും ക്ഷണിച്ചതായ തൗഹീദ് എന്താകുന്നു? എന്ന് നിന്നോട് ചോദിച്ചാൽ

പറയുക : ആരാധന അല്ലാഹുവിന് മാത്രമാക്കുക എന്നതാകുന്നു അത്.

തെളിവ് അല്ലാഹുവിന്റെ വാക്കാകുന്നു:

﴿ ۞ وَٱعۡبُدُواْ ٱللَّهَ وَلَا تُشۡرِكُواْ بِهِۦ شَيۡـٔٗاۖ ﴾

**"നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുക."**

(സൂറ നിസാഅ്: 36)

﴿ قُلۡ هُوَ ٱللَّهُ أَحَدٌ ١ ٱللَّهُ ٱلصَّمَدُ ٢ لَمۡ يَلِدۡ وَلَمۡ يُولَدۡ ٣ وَلَمۡ يَكُن لَّهُۥ كُفُوًا أَحَدُۢ ﴾

**"(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല.അവന്ന് തുല്യനായി ആരും ഇല്ലതാനും"**

(സൂറ ഇഖ്ലാസ്: 1-4)

**(23) തൗഹീദ് എത്ര ഇനമാണെന്ന്?** നിന്നോട് ചോദിച്ചാൽ

പറയുക : അത് 3 ഇനമാകുന്നു:

1- തൗഹീദുർറുബൂബിയ്യ

2- തൗഹീദുൽ ഉലൂഹിയ്യ

3- തൗഹീദുൽ അസ്മാഇ വസ്സിഫാത്

ആഥവാ,

1- അല്ലാഹുവിന്റെ പ്രവർത്തികളിൽ[6] അവനെ ഏകനാക്കുക.

2- ആരാധനാ കർമ്മങ്ങളിൽ[7] അല്ലാഹുവിനെ ഏകനാക്കുക.

3- നാമവിശേഷണങ്ങളിൽ[8] അല്ലാഹുവിനെ ഏകനാക്കുക.

---

[6] സൃഷ്ടിപ്പ്, ജീവിപ്പിക്കുക, മരിപ്പിക്കുക, റിസ്ഖ് നൽകുക, മഴ പെയ്യിക്കൽ പോലെ.

[7] സുജൂദ്, പ്രാർത്ഥനകൾ, ബലി, നേർച്ച പോലെ എല്ലാ ആരാധന കർമ്മങ്ങൾ.

[8] ഖുർആനിലും സുന്നത്തിലും സ്ഥിരപ്പെട്ട അല്ലാഹുവിന്റെ നാമ വിശേഷണങ്ങൾ ഒരു രീതിയിലും മാറ്റം വരുത്താതെ അവനെ ഏകനാക്കുക.

തെളിവ് അല്ലാഹുവിന്റെ വാക്കാകുന്നു :

﴿ بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ﴾

**"റഹ്മാനും റഹീമുമായ അല്ലാഹുവിന്റെ നാമത്തിൽ ."**

(സൂറ അൽ ഫാതിഹ: 1)

﴿ رَّبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا فَٱعْبُدْهُ وَٱصْطَبِرْ لِعِبَٰدَتِهِۦ هَلْ تَعْلَمُ لَهُۥ سَمِيًّا ﴾

**"ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും റബ്ബാണ് അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?"**

(സൂറ മറിയം: 65)

ഈ രണ്ട് ആയത്തുകളിലും തൗഹീദിന്റെ മൂന്ന് ഇനങ്ങളും പരാമർശിച്ചിട്ടുണ്ട്.

**(24) ഏറ്റവും ശ്രേഷ്ഠമായ പുണ്യകർമം ഏത്, ഏറ്റവും മോശമായ പാപകർമം ഏത്?** എന്നും ചോദിച്ചാൽ

പറയുക : ഏറ്റവും ശ്രേഷ്ഠമായ പുണ്യകർമം എന്നത് അല്ലാഹുﷻ യുടെ തൗഹീദാകുന്നു. ഏറ്റവും മോശമായ പാപം അല്ലാഹുﷻ യിൽ പങ്കു ചേർക്കലാകുന്നു.

തെളിവ് അല്ലാഹുവിന്റെ വാക്കാകുന്നു :

﴿ إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ﴾

**"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്."**

(സൂറ നിസാഅ്: 48)

﴿ فَمَا لَنَا مِن شَافِعِينَ ۝١٠٠ وَلَا صَدِيقٍ حَمِيمٍ ۝١٠١ فَلَوْ أَنَّ لَنَا كَرَّةً فَنَكُونَ مِنَ الْمُؤْمِنِينَ ﴾

**"ഇപ്പോൾ ഞങ്ങൾക്ക് ശുപാർശക്കാരായി ആരുമില്ല. ഉറ്റ സുഹൃത്തുമില്ല. അതിനാൽ ഞങ്ങൾക്കൊന്നു മടങ്ങിപ്പോകാൻ കഴിഞ്ഞിരുന്നെങ്കിൽ. എങ്കിൽ ഞങ്ങൾ സത്യവിശ്വാസികളുടെ കൂട്ടത്തിലാകുമായിരുന്നു."**

(സൂറ ശുഅറാഅ്: 100-102)

അനസ് ബിൻ മാലിക്ﷺ നിവേദനം, റസൂൽﷺ പറഞ്ഞു :

**"എന്റെ ശുപാർശ കൊണ്ട് ഏറ്റവും സൗഭാഗ്യമുണ്ടാവുക എന്റെ ഉമ്മത്തിലെ മഹാപാപികൾക്കായിരിക്കും"**

(ഇമാം അഹ്മദ് ഉദ്ധരിച്ച ഈ ഹദീഥ് സഹീഹ് ആണ്)

ഈ ഹദീഥ് സൂചിപ്പിക്കുന്നത് അന്ത്യനാളിൽ റസൂലിന്റെ ശുപാർശ കൊണ്ട് സൗഭാഗ്യം ലഭിക്കുന്നത് മുസ്ലിംകളിലെ വൻപാപം ചെയ്തവർക്കാണ്, മുശ്രിക്കിന് റസൂലിന്റെ ശുപാർശ ലഭിക്കില്ല.

ജാബിർﷺ ഉദ്ധരിച്ച ഹദീഥിൽ റസൂൽﷺ പറഞ്ഞു :

**"ആരാണോ അല്ലാഹുവിൽ പങ്കുവെക്കാത്ത നിലക്ക് മരണപ്പെട്ട് പോകുന്നത് അവൻ സ്വർഗത്തിൽ പ്രവേശിക്കും. ആരാണോ അല്ലാഹുവിൽ പങ്കുചേർക്കുന്ന അവസ്ഥയിൽ മരണപ്പെടുന്നത് അവൻ നരകത്തിൽ പ്രവേശിച്ചിരിക്കുന്നു."**

(മുസ്ലിം)

**(25) ദീനിന് എത്ര മർതബകൾ (പദവികൾ) ഉണ്ട്?** എന്ന് ചോദിച്ചാൽ

പറയുക : ദീനിന് 3 പദവികൾ ഉണ്ട്. **ഇസ്ലാം, ഈമാൻ, ഇഹ്സാൻ** എന്നിവയാകുന്നു അവ.

തെളിവ് ഉമർ ബിൻ ഖത്താബ്ﷺ വിനെ തൊട്ട് ഇമാം മുസ്‌ലിം ഉദ്ധരിച്ച ഹദീഥ് ആകുന്നു. അതിൽ ജിബ്‌രീൽ(عليه السلام) നബിയോട് ആദ്യം ഇസ്‌ലാമിനെക്കുറിച്ചും പിന്നെ ഈമാനിനെക്കുറിച്ചും പിന്നെ ഇഹ്സാനിനെക്കുറിച്ചും ചോദിക്കുകയുണ്ടായി.

**(26) എന്താണ് ഈമാൻ?** എന്ന് ചോദിച്ചാൽ

പറയുക : ഈമാൻ എന്നത് നാവു കൊണ്ടുള്ള ഉഛാരണവും, മനസ്സ് കൊണ്ടുള്ള വിശ്വാസവും ശരീരാവയവങ്ങൾ കൊണ്ടുള്ള പ്രവർത്തനങ്ങളുമാണ്. അത് സൽക്കർമ്മങ്ങൾ കൊണ്ട് വർധിക്കുകയും പാപങ്ങൾ ചെയ്യൽ കൊണ്ട് കുറയുകയും ചെയ്യും. ഈമാൻ നാവുകൊണ്ടുള്ള ഉഛാരണവും ശരീരം കൊണ്ടുള്ള പ്രവർത്തിയും ഉൾക്കൊള്ളുന്നു എന്നതിനുള്ള തെളിവ് അബൂ ഹുറൈറﷺ റിപ്പോർട്ട് ചെയ്യുന്ന ഹദീഥാണ്. അതിൽ നബിﷺ പറഞ്ഞു :

**"ഈമാൻ 70 ൽ കൂടുതൽ ശാഖകളാകുന്നു. അതിൽ ഏറ്റവും ഉന്നതമായത്, ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാചകവും ഏറ്റവും താഴ്ന്നത് വഴിയിൽ നിന്ന് തടസ്സം മാറ്റലുമാകുന്നു. ലജ്ജ ഈമാനിന്റെ ഒരു ശാഖയാകുന്നു."**
(ബുഖാരി, മുസ്‌ലിം)

മനസ്സ് കൊണ്ടുള്ള പ്രവർത്തികൾ ഈമാനിന്റെ ഭാഗമാണെന്നതിനുള്ള തെളിവ്, ഈമാനിന്റെ അർകാനുകളെ സംബന്ധിച്ച് ഉമർﷺ റിപ്പോർട്ട് ചെയ്ത നേരത്തെ പറഞ്ഞ ഹദീഥും അല്ലാഹുവിന്റെ വചനവുമാകുന്നു :

﴿وَعَلَى ٱللَّهِ فَتَوَكَّلُوٓاْ إِن كُنتُم مُّؤْمِنِينَ﴾

**"നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിൽ നിങ്ങൾ ഭരമേൽപിക്കുക."**
(സൂറ മാഇദ: 23)

അത് പോലെ തന്നെ അനസ് ഇബ്നു മാലിക്ﷺ റിപ്പോർട്ട്, നബിﷺ പറഞ്ഞു :

**"ഈമാനിന്റെ അടയാളമാകുന്നു അൻസാറുകളെ സ്നേഹിക്കൽ. കാപട്യത്തിന്റെ (നിഫാഖ്) അടയാളമാകുന്നു അൻസാറുകളെ വെറുക്കൽ."**

(ബുഖാരി, മുസ്‌ലിം)

- അല്ലാഹുവിനെ അനുസരിച്ച് ജീവിക്കുന്നതിലൂടെ ഈമാൻ വർധിക്കും എന്നതിന്റെ തെളിവുകൾ :

﴿ إِنَّمَا ٱلۡمُؤۡمِنُونَ ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتۡ قُلُوبُهُمۡ وَإِذَا تُلِيَتۡ عَلَيۡهِمۡ ءَايَٰتُهُۥ زَادَتۡهُمۡ إِيمَٰنًا وَعَلَىٰ رَبِّهِمۡ يَتَوَكَّلُونَ ﴾

**"അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ റബ്ബിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ."**

(സൂറ അൻഫാൽ: 2)

﴿ هُوَ ٱلَّذِيٓ أَنزَلَ ٱلسَّكِينَةَ فِي قُلُوبِ ٱلۡمُؤۡمِنِينَ لِيَزۡدَادُوٓاْ إِيمَٰنًا مَّعَ إِيمَٰنِهِمۡ ﴾

**"അവനാകുന്നു സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തി ഇറക്കികൊടുത്തത്. അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിത്തീരുന്നതിന് വേണ്ടി."**

( സൂറ ഫത്ഹ്: 4)

﴿ وَيَزۡدَادَ ٱلَّذِينَ ءَامَنُوٓاْ إِيمَٰنًا ﴾

**"സത്യവിശ്വാസികൾക്ക് വിശ്വാസം വർദ്ധിക്കാനും"**

( സൂറത്ത് മുദ്ദഥിർ: 31)

പാപങ്ങളെക്കൊണ്ട് ഈമാൻ കുറയും എന്ന് പറയാനുള്ള തെളിവുകൾ ഈമാൻ കൂടും എന്ന് പറയാനുള്ള തെളിവുകൾ തന്നെയാണ്. കാരണം, കൂടുന്നതിനു മുമ്പ് അത് കുറഞ്ഞാണല്ലോ ഇരുന്നത്. ബുഖാരി رحمه الله തന്റെ സ്വഹീഹിൽ പറഞ്ഞു :

കിതാബുൽ ഈമാൻ, ''**ഈമാനിന്റെ പൂർണതക്കു വേണ്ട എന്തെങ്കിലും കാര്യം ഉപേക്ഷിച്ചാൽ അത് അപൂർണമായിരിക്കും എന്ന അധ്യായം**.''

ഈമാനിന്റെ ശാഖകളെ കുറിച്ച് നേരത്തെ പറഞ്ഞ ഹദീഥിൽ ഇതിനു തെളിവുണ്ട്. അബൂ സഈദ് അൽഖുദ്‌രീ‎ﷺ വിന്റെ ഹദീഥിൽ റസൂൽﷺ പറഞ്ഞു :

**“നിങ്ങളിൽ ആരാണോ ഒരു തിന്മ കണ്ടത് അവൻ അതിനെ കൈ കൊണ്ട് തടുക്കട്ടെ, അതിന് സാധ്യമായില്ലെങ്കിൽ അവൻ അതിനെ നാവു കൊണ്ട് എതിർക്കട്ടെ, അതിനും സാധ്യമായില്ലെങ്കിൽ അവൻ അതിനെ മനസ്സ് കൊണ്ട് വെറുത്തു കൊള്ളട്ടെ. അതാകുന്നു ഏറ്റവും ദുർബലമായ ഈമാൻ.”**

(മുസ്‌ലിം)

തിന്മ വിരോധിക്കുക എന്നത് ഈമാനിൽ പെട്ടതാണെന്ന് കൂടെ ഈ ഹദീഥിൽ നിന്നു മനസ്സിലാക്കാം.

## (27) ഈമാനിന് എത്ര അർകാൻ – അടിസ്ഥാനസ്തംഭങ്ങൾ – ഉണ്ട്? എന്ന് ചോദിക്കപ്പെട്ടാൽ

പറയുക : ഈമാനിന് 6 അർകാൻ ഉണ്ട്. ഉമർ ഇബ്നുൽ ഖത്താബ്ﷺ വിൽ നിന്ന് ഇമാം മുസ്‌ലിം ഉദ്ധരിച്ച ഹദീഥ് ആണ് ഇതിനുള്ള തെളിവ്. അതിൽ ജിബ്‌രീൽعليه السلام റസൂൽﷺ യോടു ഈമാനിനെ പറ്റി ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു :

**“ഈമാനെന്ന് പറഞ്ഞാൽ നീ അല്ലാഹുവിലും അവന്റെ മലക്കുകളിലും കിതാബുകളിലും ദൂതന്മാരിലും അന്ത്യദിനത്തിലും നന്മതിന്മകൾ മുഴുവൻ വിധിയനുസരിച്ചാണെന്നുള്ളതിലും വിശ്വസിക്കലാകുന്നു.”**

(ഈ ഹദീഥ് തന്നെ അബൂ ഹുറൈറﷺ വിൽ നിന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചിരിക്കുന്നു.)

## (28) ഒരു അടിമയും അല്ലാഹുവുമായുള്ള 'ഇഹ്സാൻ' എന്താണെന്ന്? ചോദിക്കപ്പെട്ടാൽ

പറയുക : ഇഹ്സാൻ എന്നാൽ അല്ലാഹുവെ കാണുന്നത് പോലെ നീ അവന് ഇബാദത്ത് ചെയ്യലാണ്, തീർച്ചയായും നിങ്ങൾ അവനെ കാണുന്നില്ലെങ്കിലും അവൻ നിങ്ങൾ കാണുന്നുണ്ട്. ഇതിനുള്ള തെളിവും ഇമാം മുസ്‌ലിം ഉമർ ബിൻ ഖത്താബ്ﷺ വിൽ നിന്നുദ്ധരിച്ച ഹദീഥ് ആകുന്നു.

## (29) അല്ലാഹുവെയും അവന്റെ റസൂലിനെയും തെറി പറയുക അല്ലെങ്കിൽ പരിഹസിക്കുക എന്നതിന്റെ വിധിയെന്താണ്? എന്ന് ചോദിച്ചാൽ

പറയുക : അത് കുഫ്റുൻ അക്ബർ ആകുന്നു, ആരാണോ കരുതിക്കൂട്ടി അത് ചെയ്യുന്നത്, അവൻ ഇസ്‌ലാമിക മില്ലത്തിൽ നിന്നു പുറത്ത് പോയി!

തെളിവ് അല്ലാഹുവിന്റെ വചനമാകുന്നു :

﴿قُلْ أَبِاللَّهِ وَءَايَٰتِهِۦ وَرَسُولِهِۦ كُنتُمْ تَسْتَهْزِءُونَ ۝٦٥ لَا تَعْتَذِرُوا۟ قَدْ كَفَرْتُم بَعْدَ إِيمَٰنِكُمْ﴾

**"പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു."**

(സൂറ തൗബ: 65,66)

## (30) ഖിയാമത്ത് നാളിൽ മുഅ്മിനീങ്ങളുടെയും കാഫിരീങ്ങളുടെയും പ്രതിഫലം എന്താണെന്ന്?

ചോദിക്കപ്പെട്ടാൽ

പറയുക : മുഅ്മിനീങ്ങൾ ഏറ്റവും ഉന്നതമായ ഇല്ലിയ്യീനിലുള്ള സ്വർഗത്തിലായിരിക്കും. കാഫിരീങ്ങളാകട്ടെ, ഏറ്റവും താഴ്ച്ചയിലുള്ള നരകത്തിലായിരിക്കും.

തെളിവ് അല്ലാഹുവിന്റെ വചനമാകുന്നു :

﴿ إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ أُوْلَٰٓئِكَ هُمۡ خَيۡرُ ٱلۡبَرِيَّةِ ۝٧ جَزَآؤُهُمۡ عِندَ رَبِّهِمۡ جَنَّٰتُ عَدۡنٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَآ أَبَدٗاۖ رَّضِيَ ٱللَّهُ عَنۡهُمۡ وَرَضُواْ عَنۡهُۚ ذَٰلِكَ لِمَنۡ خَشِيَ رَبَّهُۥ ﴾

**"തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ. അവർക്ക് അവരുടെ റബ്ബിങ്കലുള്ള പ്രതിഫലം താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും; എന്നെന്നേക്കുമായിട്ട്. അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെ പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. ഏതൊരുവൻ തന്റെ റബ്ബിനെ ഭയപ്പെട്ടുവോ അവന്നുള്ളതാകുന്നു അത്."**

(സൂറ ബയ്യിന: 7,8)

﴿ وَٱلَّذِينَ كَفَرُواْ لَهُمۡ نَارُ جَهَنَّمَ لَا يُقۡضَىٰ عَلَيۡهِمۡ فَيَمُوتُواْ وَلَا يُخَفَّفُ عَنۡهُم مِّنۡ عَذَابِهَاۚ كَذَٰلِكَ نَجۡزِي كُلَّ كَفُورٖ ﴾

**"അവിശ്വസിച്ചവരാരോ അവർക്കാണ് നരകാഗ്നി. അവരുടെ മേൽ (മരണം) വിധിക്കപ്പെടുന്നതല്ല. എങ്കിൽ അവർക്ക് മരിക്കാമായിരുന്നു. അതിലെ ശിക്ഷയിൽ നിന്ന് ഒട്ടും അവർക്ക് ഇളവുചെയ്യപ്പെടുകയുമില്ല. അപ്രകാരം എല്ലാ നന്ദികെട്ടവർക്കും നാം പ്രതിഫലം നൽകുന്നു."**

(സൂറ ഫാത്വിർ: 36)

സ്വർഗം ഉയരത്തിലാണെന്നതിനുള്ള തെളിവ് :

﴿وَلَقَدۡ رَءَاهُ نَزۡلَةً أُخۡرَىٰ ۝١٣ عِندَ سِدۡرَةِ ٱلۡمُنتَهَىٰ ۝١٤ عِندَهَا جَنَّةُ ٱلۡمَأۡوَىٰٓ﴾

**"മറ്റൊരു ഇറക്കത്തിലും അദ്ദേഹം മലക്കിനെ കണ്ടിട്ടുണ്ട്. അറ്റത്തെ ഇലന്തമരത്തിനടുത്ത് വെച്ച്. അതിന്നടുത്താകുന്നു താമസിക്കാനുള്ള സ്വർഗം."**
(സൂറ അൻ-നജ്മ്: 13,14,15)

നരകം താഴ്ച്ചയിലാണ് എന്നതിനുള്ള തെളിവ് ബറാഅ്ﷺ വിന്റെ ഹദീഥ് ആണ് അതിൽ അല്ലാഹു പറഞ്ഞതായി റസൂൽﷺ ഉദ്ധരിക്കുന്നു :

**"എന്റെ ഈ അടിമയുടെ പേര് ഏറ്റവും താഴേ ഭൂമിയിലുള്ള സിജ്ജീനിൽ രേഖപ്പെടുത്തൂ''**

(ഇത് ഹസൻ ആയ ഹദീഥ് ആണ്.)

തെളിവിന്റെ അടിസ്ഥാനത്തിലല്ലാതെ ഏതെങ്കിലും ഒരു വ്യക്തി നരകത്തിലാണെന്നോ സ്വർഗത്തിലാണെന്നോ നാം പറയില്ല. കാരണം, അല്ലാഹു തആലാ പറഞ്ഞിരിക്കുന്നു :

﴿وَلَا تَقۡفُ مَا لَيۡسَ لَكَ بِهِۦ عِلۡمٌ﴾

**"നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്."**

(സൂറ അൽഇസ്രാഅ്: 36)

## (31) മനുഷ്യൻ താമസിക്കുന്ന ഭവനങ്ങൾ എത്രയെന്ന്? ചോദിച്ചാൽ

പറയുക : അവ മൂന്നെണ്ണമാകുന്നു,

1- നശ്വരമായ ഭൗതിക ഭവനം,

അല്ലാഹു പറഞ്ഞു :

﴿وَمَا ٱلْحَيَوٰةُ ٱلدُّنْيَآ إِلَّا مَتَٰعُ ٱلْغُرُورِ﴾

**"ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല."**

(സൂറ അലു ഇൗമ്രൻ: 185)

2- ബർസഖ്[9] ,

അല്ലാഹു പറഞ്ഞു :

﴿وَمِن وَرَآئِهِم بَرْزَخٌ إِلَىٰ يَوْمِ يُبْعَثُونَ﴾

**"അവരുടെ പിന്നിൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ ഒരു മറയുണ്ടായിരിക്കുന്നതാണ്.**

(സൂറ മുഅ്മിനൂൻ: 100)

3- സ്ഥിരവാസത്തിന്റെ പരലോകഭവനം. ഫിർഔനിന്റെ കുടുംബത്തിലെ വിശ്വാസിയെ പറ്റിപ്പറയുന്നതിനിടക്ക് ആല്ലാഹു പറഞ്ഞു :

﴿يَٰقَوْمِ إِنَّمَا هَٰذِهِ ٱلْحَيَوٰةُ ٱلدُّنْيَا مَتَٰعٌ وَإِنَّ ٱلْءَاخِرَةَ هِىَ دَارُ ٱلْقَرَارِ﴾

**"എന്റെ ജനങ്ങളേ, ഈ ഐഹികജീവിതം ഒരു താൽക്കാലിക വിഭവം മാത്രമാണ്. തീർച്ചയായും പരലോകം തന്നെയാണ് സ്ഥിരവാസത്തിനുള്ള ഭവനം."**

(സൂറ ഗാഫിർ : 39)

[9] **ബർസഖ്** : മരണത്തിനും ഉയിർത്തെഴുന്നേൽപ്പിനും ഇടയിലുള്ള ഖബറിലെ കാലയളവ്

**(32) പരലോകത്തിന്റെ ആദ്യഘട്ടം ഏതാണെന്ന്?** ചോദിച്ചാൽ

പറയുക : അത് ഖബ്റാകുന്നു.

തെളിവ് ഉഥ്മാൻﷺ ഉദ്ധരിച്ച ഹദീഥ് ആകുന്നു, റസൂൽﷺ പറഞ്ഞു :

**"പരലോകത്തിന്റെ ആദ്യഘട്ടം ഖബ്ർ ആകുന്നു. അതിൽ നിന്ന് രക്ഷപ്പെട്ടാൽ പിന്നെ ശേഷം വരാനുള്ളതൊക്കെ എളുപ്പമാകും. അതിൽ നിന്ന് രക്ഷപ്പെട്ടിട്ടില്ലെങ്കിൽ അതിനു ശേഷമുള്ളത് അതിനേക്കാൾ കഠിനമായിരിക്കും."**

(തിർമിദി, ഇബ്നു മാജ, അഹ്മദ് ഈ ഹദീഥ് ഹസൻ ആകുന്നു.)

**(33) ഖബറിലെ ശിക്ഷയേയും സുഖത്തെയും സംബന്ധിച്ച് നീ എന്തു വിശ്വസിക്കുന്നു?** എന്ന് ചോദിച്ചാൽ

പറയുക : അത് അർഹിക്കുന്നവർക്ക് കിട്ടും എന്ന് ഞാൻ വിശ്വസിക്കുന്നു. ആഇശാ رضي الله عنها റിപ്പോർട്ടു ചെയ്യുന്നു, അവർ നബിﷺ യോടു ഖബറിലെ ശിക്ഷയെപറ്റി ചോദിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു :

**"ഖബർ ശിക്ഷ സത്യമാകുന്നു."**

(ബുഖാരി, മുസ്ലിം. ഇവിടെ കൊടുത്ത പദങ്ങൾ ബുഖാരിയുടെ)

മറ്റൊരു ഹദീഥിൽ ആഇശാ رضي الله عنها പറഞ്ഞു :

**" നബിﷺ ഖബർ ശിക്ഷ, ഖബറിലെ പരീക്ഷണം, ദജ്ജാലിന്റെ ഫിത്ന എന്നിവയിൽ നിന്നു രക്ഷ തേടാറുണ്ടായിരുന്നു."**

(ബുഖാരി, മുസ്ലിം )

ഈ ഹദീഥിൽ ഖബറിലെ ശിക്ഷ , പരീക്ഷണം , ദജ്ജാലിന്റെ ഫിത്ന എന്നിവയെ തെളിവു കൊണ്ടു ബലപ്പെടുത്തുന്നു.

ഖബറിലെ സുഖങ്ങൾക്കുള്ള തെളിവ് ബറാഅ്ﷺ വിന്റെ ഹദീഥ് ആണ്, അതിൽ അല്ലാഹു തആലാ പറയുന്നതായി നബിﷺ പറഞ്ഞു :

**''മുഅ്മിനാകട്ടെ, അവന് നിങ്ങൾ സ്വർഗത്തിൽ നിന്നുള്ള ഉടുപ്പ് ധരിപ്പിക്കുകയും സ്വർഗത്തിലേക്ക് ഒരു വാതിൽ തുറന്നു കൊടുക്കുകയും ചെയ്യുവിൻ എന്ന് പറയപ്പെടും. അങ്ങനെ അവന് സ്വർഗത്തിൽ നിന്നുള്ള സുഗന്ധവും സുഖകരമായ ഇളം തെന്നലും കിട്ടിക്കൊണ്ടിരിക്കും,അത് പോലെ തന്നെ കണ്ണെത്തും ദൂരം വരെ അവന്റെ ഖബർ വിശാലമാക്കി കൊടുക്കും ''**

**(34) പുനരുത്ഥാനം, മഹ്ശറയിലെ നിറുത്തം, വിചാരണ, കർമരേഖ ഏറ്റു വാങ്ങൽ എന്നിവയെപ്പറ്റി നീ എന്തു വിശ്വസിക്കുന്നു?** എന്ന് ചോദിച്ചാൽ

പറയുക : അതെല്ലാം സത്യമാകുന്നു.

തെളിവ് അല്ലാഹുവിന്റെ വചനങ്ങൾ :

﴿زَعَمَ ٱلَّذِينَ كَفَرُوٓاْ أَن لَّن يُبۡعَثُواْۚ قُلۡ بَلَىٰ وَرَبِّي لَتُبۡعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلۡتُمۡۚ وَذَٰلِكَ عَلَى ٱللَّهِ يَسِيرٞ﴾

**"തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവിശ്വാസികൾ ജൽപിച്ചു. (നബിയേ,) പറയുക: അതെ; എന്റെ റബ്ബിനെ തന്നെയാണ, നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു."**
(സൂറ തഗാബുൻ: 7)

﴿فَأَمَّا مَنْ أُوتِيَ كِتَابَهُ بِيَمِينِهِ ۝٧ فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا ۝٨ وَيَنقَلِبُ إِلَىٰ أَهْلِهِ مَسْرُورًا ۝٩
وَأَمَّا مَنْ أُوتِيَ كِتَابَهُ وَرَاءَ ظَهْرِهِ ۝١٠ فَسَوْفَ يَدْعُو ثُبُورًا ۝١١ وَيَصْلَىٰ سَعِيرًا﴾

**"എന്നാൽ (പരലോകത്ത്) ഏതൊരുവന്ന് തന്റെ രേഖ വലതുകൈയ്യിൽ നൽകപ്പെട്ടുവോ, അവൻ ലഘുവായ വിചാരണയ്ക്ക് (മാത്രം) വിധേയനാകുന്നതാണ്. അവൻ അവന്റെ സ്വന്തക്കാരുടെ അടുത്തേക്ക് സന്തുഷ്ടനായിക്കൊണ്ട് തിരിച്ചുപോകുകയും ചെയ്യും. എന്നാൽ ഏതൊരുവന് തന്റെ രേഖ അവന്റെ മുതുകിന്റെ പിന്നിലൂടെ കൊടുക്കപ്പെട്ടുവോ അവൻ നാശമേ എന്ന് നിലവിളിക്കുകയും, ആളിക്കത്തുന്ന നരകാഗ്നിയിൽ കിടന്ന് എരിയുകയും ചെയ്യും."**

(സൂറ ഇൻഷിഖാഖ്: 7-12)

**(35) മുഅ്മിനീങ്ങൾ അല്ലാഹുവെ കാണുമോ?** എന്ന് ചോദിക്കപ്പെട്ടാൽ

പറയുക : അതെ മുഅ്മിനീങ്ങൾ മഹ്ശറയിൽ വെച്ചും സ്വർഗത്തിൽ വെച്ചും അല്ലാഹുവെ കാണും.

തെളിവ് :

﴿وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ۝٢٢ إِلَىٰ رَبِّهَا نَاظِرَةٌ﴾

**"ചില മുഖങ്ങൾ അന്ന് പ്രസന്നതയുള്ളതും അവയുടെ റബ്ബിന്റെ നേർക്ക് ദൃഷ്ടി തിരിച്ചവയുമായിരിക്കും.**

(സൂറ ഖിയാമ: 22,23)

ജരീർ ഇബ്നു അബ്ദില്ലാഹ്ﷺ വിൽ നിന്ന് ഇമാം ബുഖരിയും മുസ്ലിമും ഉദ്ധരിച്ചിട്ടുള്ള ഹദീഥിൽ റസൂൽﷺ പറഞ്ഞു :

**"തീർച്ചയായും നിങ്ങൾ ഖിയാമത്തുനാളിൽ നിങ്ങളുടെ റബ്ബിനെ കാണും."**

ഇമാം മുസ്‌ലിം സുഹൈബ്ﷺ വിൽ നിന്ന് ഉദ്ധരിച്ച ഹദീഥിൽ റസൂൽﷺ പറഞ്ഞു :

**“അല്ലാഹു തആലാ സ്വർഗക്കാരോടു പറയും, ഞാൻ നിങ്ങൾക്ക് വല്ല അനുഗ്രഹവും വർധിപ്പിച്ച് തരട്ടെയോ? അപ്പോൾ അവർ പറയും, നീ ഞങ്ങളുടെ മുഖങ്ങൾ പ്രകാശിപ്പിച്ചില്ലേ? ഞങ്ങളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും നരകത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തില്ലേ? അപ്പോൾ അല്ലാഹു തന്റെ ഹിജാബ് (മറ) മാറ്റും. പിന്നീടു അവർക്ക് തങ്ങളുടെ റബ്ബിന്റെ മുഖം കാണുക എന്നതിനേക്കാൽ പ്രിയങ്കരമായി ഒന്നുമുണ്ടാകില്ല.”**

എന്നാൽ കാഫിറുകൾക്ക് അല്ലാഹുവെ കാണാൻ സാധിക്കുകയില്ല.

﴿ كَلَّآ إِنَّهُمْ عَن رَّبِّهِمْ يَوْمَئِذٍ لَّمَحْجُوبُونَ ﴾

**“അല്ല; തീർച്ചയായും അവർ അന്നേ ദിവസം അവരുടെ റബ്ബിൽ നിന്ന് മറയ്ക്കപ്പെടുന്നവരാകുന്നു.”**

(സൂറ മുത്വഫിഫീൻ: 15)

**(36) മുസ്ഹഫിലുള്ള ഖുർആനിനെ സംബന്ധിച്ച് നീ എന്ത് വിശ്വസിക്കുന്നു?** എന്ന് ചോദിച്ചാൽ

പറയുക : അത് അല്ലാഹുവിന്റെ കലാം (സംസാരം) ആകുന്നു, മഖ്‌ലൂഖ് (സൃഷ്ടി) അല്ല.

തെളിവ് അല്ലഹുവിന്റെ വചനമാകുന്നു :

﴿ وَإِنْ أَحَدٌ مِّنَ ٱلْمُشْرِكِينَ ٱسْتَجَارَكَ فَأَجِرْهُ حَتَّىٰ يَسْمَعَ كَلَٰمَ ٱللَّهِ ﴾

**“ബഹുദൈവവിശ്വാസികളിൽ വല്ലവനും നിന്റെ അടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന്ന് അഭയം നൽകുക.”**

(സൂറ തൗബ: 6)

**(37) ഖുർആൻ അറബി ആണോ അനറബി ആണോ?** എന്ന് ചോദിച്ചാൽ

പറയുക : അത് അറബി ആകുന്നു.

ദലീൽ അല്ലാഹുവിന്റെ വചനമാകുന്നു :

﴿ إِنَّا جَعَلْنَاهُ قُرْءَانًا عَرَبِيًّا لَّعَلَّكُمْ تَعْقِلُونَ ﴾

**"തീർച്ചയായും നാം ഇതിനെ അറബി ഭാഷയിലുള്ള ഒരു ഖുർആൻ ആക്കിയിരിക്കുന്നത് നിങ്ങൾ**

**ചിന്തിച്ചു മനസ്സിലാക്കുവാൻ വേണ്ടിയാകുന്നു."**
(സൂറ സുഖ്റുഫ്: 3)

﴿ نَزَلَ بِهِ ٱلرُّوحُ ٱلْأَمِينُ ﴿١٩٣﴾ عَلَىٰ قَلْبِكَ لِتَكُونَ مِنَ ٱلْمُنذِرِينَ ﴿١٩٤﴾ بِلِسَانٍ عَرَبِيٍّ مُّبِينٍ ﴾

**"വിശ്വസ്താത്മാവ് (ജിബ്‌രീൽ) അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു. നിന്റെ ഹൃദയത്തിൽ. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബി ഭാഷയിലാണ്**

**(അത് അവതരിപ്പിച്ചത്.)"**
(സൂറ ശുഅറാഅ്: 193-195)

**(38) അല്ലാഹുവിന് നാമങ്ങളും (അസ്മാഅ്) വിശേഷണങ്ങളും (സ്വിഫാത്) ഉണ്ടോ?**
എന്ന് ചോദിക്കപ്പെട്ടാൽ

പറയുക : അല്ലാഹുവിന് അവന്റെ മഹത്വത്തിനു യോജിച്ച നാമങ്ങളും വിശേഷണങ്ങളുമുണ്ട്.

തെളിവ് അല്ലാഹുവിന്റെ വചനമാകുന്നു :

﴿ وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ فَٱدْعُوهُ بِهَا ﴾

**"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക"**

(സൂറ അഅ്റാഫ്: 180)

അല്ലാഹുവിന്റെ നാമങ്ങൾ നമുക്ക് എണ്ണിത്തിട്ടപ്പെടുത്താൻ സാധ്യമല്ല. കാരണം റസൂൽﷺ പറഞ്ഞിട്ടുണ്ട് :

**"അല്ലാഹുവേ നിന്നെ പൂർണമായും പുകഴ്ത്താൻ എനിക്ക് സാധ്യമല്ല"**

(ആഇശാ رضي الله عنها യിൽ നിന്നും മുസ്ലിമുദ്ധരിച്ചത്)

**(39) അല്ലാഹുവിന് പുറമെ മറ്റ് വല്ലവരും ഖൈബ് അഥവാ അദൃശ്യം അറിയുമോ?** എന്ന് ചോദിച്ചാൽ

പറയുക : അല്ലാഹുവല്ലാതെ ആർക്കും ഖൈബ് അറിയുകയില്ല.

തെളിവ് അല്ലാഹുവിന്റെ വചനങ്ങളാകുന്നു :

﴿وَمَا كَانَ ٱللَّهُ لِيُطۡلِعَكُمۡ عَلَى ٱلۡغَيۡبِ﴾

**"അദൃശ്യജ്ഞാനം അല്ലാഹു നിങ്ങൾക്ക് വെളിപ്പെടുത്തിത്തരാനും പോകുന്നില്ല."**

(സൂറ ആലു ഇമ്രാൻ: 179)

﴿فَقُلۡ إِنَّمَا ٱلۡغَيۡبُ لِلَّهِ﴾

**"(നബിയേ,) പറയുക: അദൃശ്യജ്ഞാനം അല്ലാഹുവിന് മാത്രമാകുന്നു."**

(സൂറ യുനുസ്: 20)

﴿ ۞ وَعِندَهُۥ مَفَاتِحُ ٱلۡغَيۡبِ لَا يَعۡلَمُهَآ إِلَّا هُوَ ﴾

**"അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല."**

(സൂറ അൻആം: 59)

**(40) അന്ത്യദിനം എപ്പോഴാണ് സംഭവിക്കുക?**
എന്ന് ചോദിച്ചാൽ

പറയുക : അന്ത്യദിനത്തിന്റെ കാര്യം അല്ലാഹുവിന് മാത്രം അറിയാവുന്ന ഖൈബിൽ പെട്ടതാണ്.

തെളിവുകൾ, അല്ലാഹു പറഞ്ഞു :

﴿ إِنَّ ٱللَّهَ عِندَهُۥ عِلۡمُ ٱلسَّاعَةِ ﴾

**"തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്."**

(സൂറ ലുഖ്മാൻ: 34)

﴿ إِلَيۡهِ يُرَدُّ عِلۡمُ ٱلسَّاعَةِ ﴾

**"ആ അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ് അവങ്കലേക്കാണ് മടക്കപ്പെടുന്നത്."**

(സൂറ ഫുസ്സിലത്ത്: 47)

## (41) കർമങ്ങൾ സ്വീകരിക്കാനുള്ള നിബന്ധനകൾ (ശർത്തുകൾ) ഏതൊക്കെയാണെന്ന്? നിന്നോട് ചോദിച്ചാൽ

പറയുക :

1- **ഇസ്‌ലാം.** കാഫിറിന്റെ അമലുകൾ അല്ലാഹു സ്വീകരിക്കുകയില്ല.

തെളിവ് :

﴿وَقَدِمْنَآ إِلَىٰ مَا عَمِلُوا۟ مِنْ عَمَلٍ فَجَعَلْنَـٰهُ هَبَآءً مَّنثُورًا﴾

**“അവർ പ്രവർത്തിച്ച കർമ്മങ്ങളുടെ നേരെ നാം തിരിയുകയും, നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും.”**
(സൂറ ഫുർഖാൻ: 23)

2- **ഇഖ്‌ലാസ്.**

തെളിവ് :

﴿وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ﴾

**“കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കി കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല.”**
(സൂറ ബയ്യിന: 5)

ഇമാം മുസ്‌ലിം അബൂഹുറൈറﷺ ൽ നിന്നുദ്ധരിച്ച ഖുദ്സിയ്യായ ഹദീഥിൽ അല്ലാഹു തആലാ പറഞ്ഞിരിക്കുന്നു :

**‘‘ഞാനാണ് പങ്കാളികളിൽ വെച്ച് പങ്ക് തീരെ ആവശ്യമില്ലാത്തവൻ. ആരാണോ ഒരു കർമ്മം ചെയ്യുകയും അതിൽ എന്റെ കൂടെ മറ്റൊരാൾക്ക് പങ്ക് വെക്കുകയും ചെയ്യുന്നത് അവനേയും അവന്റെ പങ്കിനേയും ഞാൻ ഉപേക്ഷിക്കുന്നതാകുന്നു.”**

**3- റസൂലിനുള്ള മുതാബഅത്ത് അഥവാ അമലുകളിൽ അവിടുത്തെ പിന്തുടരൽ.**

തെളിവ് : ആഇശാ رضي الله عنها റിപ്പോർട്ട് ചെയ്യുന്ന ഹദീഥ് ആണ്.

റസൂൽﷺ പറഞ്ഞു :

**"നമ്മുടെ കൽപനയില്ലാത്ത ഒരു പ്രവർത്തി ആരെങ്കിലും ചെയ്താൽ, അതു തള്ളപ്പെടുന്നതാകുന്നു."**

(മുസ്ലിം)

**(42) അനുവദനീയമായ തവസ്സുൽ എത്ര തരമുണ്ട്?** എന്ന് ചോദിച്ചാൽ

പറയുക : അത് മൂന്ന് തരമുണ്ട്,

**1- അല്ലാഹുവിന്റെ നാമഗുണങ്ങൾ കൊണ്ട് തവസ്സുൽ[10] തേടുക.**

തെളിവ് അല്ലാഹുവിന്റെ വചനങ്ങളാണ് :

﴿وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ فَٱدْعُوهُ بِهَا﴾

**"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക."**

(സൂറ അഅ്റാഫ്: 180)

---

[10] അടുപ്പം തേടൽ, സമീപന മാർഗ്ഗം, സൽകർമ്മങ്ങൾ മുഖേനയോടുള്ള അല്ലാഹുവിനോടുള്ള അടുപ്പം ഇതെല്ലാം തവസ്സുലിന്റെ അർത്ഥത്തിൽ പെടുന്നതാണ്. താഴെ കാണുന്ന അനുവദനീയമായ മൂന്ന് രീതികൾ കൊണ്ട് തവസ്സുൽ നടത്താം :

1.അല്ലാഹുവിന്റെ വിശിഷ്ടമായ നാമങ്ങൾ കൊണ്ട്

2.നാം ചെയ്ത സൽപ്രവർത്തികൾ കൊണ്ട്

3.സ്വാലിഹുകളുടെ ദുആ

ഇവ മൂലം ദുആക്ക് വേഗത്തിൽ ഉത്തരം ലഭിച്ചേക്കാം. എന്നാൽ അല്ലാഹുവിലേക്ക് അടുക്കാനാണെന്ന് പറഞ്ഞ് മരിച്ചവരേയും വിഗ്രഹങ്ങളേയും വിളിച്ച് പ്രാർത്ഥിക്കുക, അവരെല്ലാം സ്വാലിഹുകളായ മനുഷ്യരായിരുന്നു അങ്ങനെ അവരുടെ ഖബറിടത്തിൽ പോയി പ്രാർത്ഥിക്കുക തുടങ്ങിയ പ്രവർത്തികൾ അത്പോലെ അവർക്ക് വേണ്ടി (നമ്മുടെ കാര്യങ്ങൾ സാധിക്കാൻ വേണ്ടി) ബലിയർപ്പിക്കുക, നേർച്ച നേരുക, കാശ് ചിലവാക്കുക ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം ഏറ്റവും വലിയ ശിർക്കാകുന്നു. സൂറ:യൂനുസ്:18,സൂറ:ഇസ്രാഅ്:57 എന്നീ ആയത്തുകൾ കാണുക.

(ഇമാം ഇബ്നു ബാസിന്റെ തവസ്സുലുമായി ബന്ധപ്പെട്ട ഫത്വയിൽ നിന്ന്)

﴿ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ الصَّالِحِينَ ﴾

**"നിന്റെ കാരുണ്യത്താൽ നിന്റെ സദ്‌വൃത്തരായ ദാസൻമാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപെടുത്തുകയും ചെയ്യേണമേ."**

(സൂറ നംൽ: 19)

2- **സൽകർമ്മങ്ങൾ കൊണ്ടുള്ള തവസ്സുൽ.**

തെളിവ് അല്ലാഹുവിന്റെ വചനങ്ങളാണ് :

﴿ الَّذِينَ يَقُولُونَ رَبَّنَا إِنَّنَا آمَنَّا فَاغْفِرْ لَنَا ذُنُوبَنَا وَقِنَا عَذَابَ النَّارِ ﴾

**"ഞങ്ങളുടെ റബ്ബേ, ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും, നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ എന്ന് പ്രാർത്ഥിക്കുന്നവരും"**

(സൂറ ആലു ഇമ്രാൻ: 16)

﴿ رَبَّنَا آمَنَّا بِمَا أَنزَلْتَ وَاتَّبَعْنَا الرَّسُولَ فَاكْتُبْنَا مَعَ الشَّاهِدِينَ ﴾

**"ഞങ്ങളുടെ റബ്ബേ , നീ അവതരിപ്പിച്ചു തന്നതിൽ ഞങ്ങൾ വിശ്വസിക്കുകയും, (നിന്റെ) ദൂതനെ ഞങ്ങൾ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ആകയാൽ സാക്ഷ്യം വഹിച്ചവരോടൊപ്പം ഞങ്ങളെ നീ രേഖപ്പെട്ടുത്തേണമേ"**

(സൂറ ആലു ഇമ്രാൻ: 53)

സുന്നത്തിൽ നിന്നുള്ള തെളിവ് :

**"ഒരു ഗുഹയിൽ കയറിയ മൂന്ന് പേരുടെ കഥയാണ്[11]. അങ്ങനെ അവർക്ക് പുറത്തിറങ്ങാൻ സാധിക്കാത്തവിധം പാറ ഗുഹാമുഖം അടച്ചു. അപ്പോൾ അവരോരോരുത്തരും തങ്ങൾ ചെയ്ത ഏറ്റവും ആത്മാർത്ഥമായ പ്രവർത്തികൾ എടുത്ത് പറഞ്ഞ് പ്രാർത്ഥിക്കാൻ തുടങ്ങി "**

(ബുഖാരി, മുസ്‌ലിം)

[11] ബുഖാരി: 2215 മുസ്‌ലിം: 2743

**3- സ്വാലിഹായ ഒരു മനുഷ്യന്റെ പ്രാർത്ഥന കൊണ്ടുള്ള തവസ്സുൽ.**

തെളിവ് അനസ് ബിൻ മാലിക്ﷺ വിന്റെ ഹദീഥ് ആണ് :

**"നബിﷺ ഖുത്ബ നടത്തിക്കൊണ്ടിരിക്കേ ഒരു മനുഷ്യൻ വന്നു, മഴ നിലച്ചിരിക്കുന്നു, ഞങ്ങൾക്ക് വെള്ളം കിട്ടാനായി പ്രാർത്ഥിക്കൂ എന്നാവശ്യപ്പെടുകയും നബിﷺ അപ്രകാരം പ്രാർത്ഥിച്ചതിനെ തുടർന്ന് മഴ പെയ്യുകയും ചെയ്തു."**

**(43) ദീനിൽ നല്ല ബിദ്അത്ത് ഉണ്ടോ?** എന്ന് ചോദിച്ചാൽ

പറയുക : എല്ലാ ബിദ്അത്തുകളും വഴികേടാകുന്നു. ഇർബാദ്ﷺ വിന്റെ നേരത്തെ പറഞ്ഞ ഹദീഥിൽ നബിﷺ പറഞ്ഞു,

**"എല്ലാ ബിദ്അത്തും ദ്വലാലത്താകുന്നു (വഴികേട്)."**

ജാബിർ ഇബ്നു അബ്ദില്ലാഹ്ﷺ റിപ്പോർട്ട് ചെയ്യുന്ന ഹദീഥ് പ്രകാരം റസൂൽﷺ തന്റെ ഖുത്ബയിൽ ഇപ്രകാരം പറയുമായിരുന്നു :

**"സംസാരങ്ങളിൽ വെച്ച് ഏറ്റവും ഉത്തമം അല്ലാഹുവിന്റെ കിതാബ് ആകുന്നു. ചര്യകളിൽ വെച്ച് ഏറ്റവും ഉത്തമം നബിﷺ യുടെ ചര്യ ആകുന്നു. കാര്യങ്ങളിൽ വെച്ച് ഏറ്റവും ചീത്ത പുത്തനാചാരങ്ങളാകുന്നു. എല്ലാ പുത്തനാചാരവും (ബിദ്അത്തുകളും) വഴികേടാകുന്നു."**

(മുസ്‌ലിം)

**(44) സൃഷ്ടികളിൽ വെച്ച് ഏറ്റവും മോശപെട്ടവരും നമ്മൾ വെറുക്കേണ്ടവരുമായത് ആരാണ്?** എന്ന് ചോദിച്ചാൽ

പറയുക : അത് ജൂതരും ക്രിസ്ത്യാനികളും ബഹുദൈവാരാധകരുമാകുന്നു.

തെളിവ് അല്ലാഹുവിന്റെ വചനങ്ങളാകുന്നു :

﴿ إِنَّ ٱلَّذِينَ كَفَرُواْ مِنْ أَهْلِ ٱلْكِتَٰبِ وَٱلْمُشْرِكِينَ فِي نَارِ جَهَنَّمَ خَٰلِدِينَ فِيهَآۚ أُوْلَٰٓئِكَ هُمْ شَرُّ ٱلْبَرِيَّةِ ﴾

**"തീർച്ചയായും വേദക്കാരിലും ബഹുദൈവവിശ്വാസികളിലുംപെട്ട സത്യനിഷേധികൾ നരകാഗ്നിയിലാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും . അക്കൂട്ടർ തന്നെയാകുന്നു സൃഷ്ടികളിൽ മോശപ്പെട്ടവർ."**

(സൂറ ബയ്യിന: 6)

﴿ لَّا تَجِدُ قَوْمًا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْأٓخِرِ يُوَآدُّونَ مَنْ حَآدَّ ٱللَّهَ وَرَسُولَهُۥ ﴾

**"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല."**

(സൂറ മുജാദില: 22)

**(45) എന്താണ് ഡെമോക്രസി?** എന്ന് ചോദിച്ചാൽ

പറയുക : ഖുർആനും സുന്നത്തുമൊന്നും പരിഗണിക്കാതെ, ജനങ്ങൾ തന്നെ സ്വയം ഭരിക്കുന്നതിനാണ് ഡെമോക്രസി എന്ന് പറയുന്നത്.

**(46) അതിന്റെ വിധി (ഹുക്മ്) എന്താണെന്ന്?** ചോദിച്ചാൽ

പറയുക : അത് ശിർകുൻ അക്ബർ (ഏറ്റവും വലിയ ശിർക്ക്) ആകുന്നു. തെളിവ് അല്ലാഹുവിന്റെ വചനങ്ങളാകുന്നു :

﴿ إِنِ ٱلْحُكْمُ إِلَّا لِلَّهِ ﴾

**"വിധികർത്തൃത്വം അല്ലാഹുവിന് മാത്രമാകുന്നു."**

(സൂറ യൂസുഫ്: 40)

﴿ وَلَا يُشْرِكُ فِي حُكْمِهِۦٓ أَحَدًا ﴾

**"തന്റെ തീരുമാനാധികാരത്തിൽ യാതൊരാളെയും അവൻ പങ്കുചേർക്കുകയുമില്ല."**

(സൂറ അൽ കഹ്ഫ്: 26)

## (47) തെരഞ്ഞെടുപ്പിന്റെ (ഇലക്ഷൻ) യാഥാർത്ഥ്യം എന്താണെന്ന്? ചോദിച്ചാൽ

പറയുക : അല്ലാഹുവിന്റെ സത്യമായ ശരീഅത്തിനെ കൈയൊഴിഞ്ഞ് കൊണ്ടുള്ള ജനാധിപത്യ വ്യവസ്ഥയുടെ ഒരു ഭാഗം ആകുന്നു അത്. അത് കാഫിരീങ്ങളെ അനുകരിക്കലാകുന്നു, അവരെ അനുകരിക്കലാകട്ടെ നിഷിദ്ധവും. അതിൽ ഒരുപാട് ഉപദ്രവങ്ങളുണ്ട്. മുസ്‌ലിംകൾക്കു അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. അതിന്റെ പ്രധാനപ്പെട്ട ദോഷങ്ങളാണ്, ഭൂരിപക്ഷം നോക്കി ഹഖും ബാത്വിലും തീരുമാനിക്കുക, വലാഉ വൽ ബറാഅ്[12] കൈവിടുക, മുസ്‌ലിംകളുടെ ഐക്യം തകർക്കുക, മുസ്‌ലിംകൾക്കിടയിൽ കോപം, പക, കക്ഷിത്വം, പക്ഷപാതിത്തം, ചതി, വഞ്ചന, വ്യാജവാർത്തകൾ പ്രചരിപ്പിക്കൽ തുടങ്ങിയവ! അത് സമയവും സമ്പത്തും പാഴാക്കുകയും സ്ത്രീകളുടെ നാണം കുറക്കുകയും ഇസ്‌ലാമിക വിജ്ഞാനങ്ങളിൽ ജനങ്ങളുടെ വിശ്വാസം കുറക്കുകയും ചെയ്യുന്നു.

---

[12] വലാഅ് ബറാഉമായി ബന്ധപ്പെട്ട ആയത്തുകൾ താഴെ കൊടുക്കുന്നു.

ولاء വലാഅ്: അടുപ്പം, സ്നേഹ ബന്ധം, മൈത്രി കാണിക്കുക.

*"ഹേ; സത്യവിശ്വാസികളേ, എന്റെ ശത്രുവും നിങ്ങളുടെ ശത്രുവും ആയിട്ടുള്ളവരോട് സ്നേഹബന്ധം സ്ഥാപിച്ച് കൊണ്ട് നിങ്ങൾ അവരെ മിത്രങ്ങളാക്കി വെക്കരുത്."* (സൂറ:മുംതഹന: 1)

براء ബറാഅ്: അകൽച്ച കാണിക്കൽ, ബന്ധം വിച്ഛേദിക്കുക, വിട്ട് നിൽക്കൽ.

*"നിങ്ങൾക്ക് ഇബ്രാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്നു തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു."* (സൂറ:അൽ മുംതഹന: 4)

*"മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്തവരെ സംബന്ധിച്ചുമാത്രമാണ് -അവരോട് മൈത്രികാണിക്കുന്നത് - അല്ലാഹു നിരോധിക്കുന്നത്. വല്ലവരും അവരോട് മൈത്രീ ബന്ധം പുലർത്തുന്ന പക്ഷം അവർ തന്നെയാകുന്നു അക്രമകാരികൾ."* (സൂറ:അൽ മുംതഹന: 9)

*"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല. അവർ ( എതിർപ്പുകാർ ) അവരുടെ പിതാക്കളോ, പുത്രൻമാരോ, സഹോദരൻമാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും."* (സൂറ: മുജാദില: 22)

## (48) ഹിസ്ബിയ്യത്തിന്റെ വിധി എന്താണെന്ന്? ചോദിച്ചാൽ

പറയുക : അല്ലാഹുവിന്റെ പാർട്ടി ഒഴികെയുള്ള ബാക്കി ഹിസ്ബിയ്യത്ത് എല്ലാം ഹറാമാകുന്നു.

തെളിവ് അല്ലാഹുവിന്റെ വചനങ്ങളാകുന്നു :

﴿ وَلَا تَكُونُوا۟ مِنَ ٱلْمُشْرِكِينَ ﴿٣١﴾ مِنَ ٱلَّذِينَ فَرَّقُوا۟ دِينَهُمْ وَكَانُوا۟ شِيَعًا ۖ كُلُّ حِزْبٍۭ بِمَا لَدَيْهِمْ فَرِحُونَ ﴾

**"...നിങ്ങൾ ബഹുദൈവാരാധകരുടെ കൂട്ടത്തിലായിപ്പോകരുത്. അതായത്, തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും, പലകക്ഷികളായി തിരിയുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ."**

(സൂറ റൂം: 31,32)

﴿ وَٱعْتَصِمُوا۟ بِحَبْلِ ٱللَّهِ جَمِيعًا وَلَا تَفَرَّقُوا۟ ﴾

**"നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെപ്പിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്."**

(സൂറ ആലു ഇമ്രാൻ: 103)

﴿ إِنَّ هَٰذِهِۦٓ أُمَّتُكُمْ أُمَّةً وَٰحِدَةً وَأَنَا۠ رَبُّكُمْ فَٱعْبُدُونِ ﴾

**"(മനുഷ്യരേ,) തീർച്ചയായും ഇതാണ് നിങ്ങളുടെ സമുദായം. ഏകസമുദായം. ഞാൻ നിങ്ങളുടെ റബ്ബും. അതിനാൽ നിങ്ങൾ എന്നെ ആരാധിക്കുവിൻ.**

(സൂറ അൻബിയാഅ്: 92)

﴿ أَلَآ إِنَّ حِزْبَ ٱللَّهِ هُمُ ٱلْمُفْلِحُونَ ﴾

**"അറിയുക: തീർച്ചയായും അല്ലാഹുവിന്റെ കക്ഷിയാകുന്നു വിജയം പ്രാപിക്കുന്നവർ."**

(സൂറ മുജാദില: 22)

അബ്ദുല്ലഹ് ഇബ്നു അംറ് ബ്നുൽ ആസ്ﷺ നിവേദനം ചെയ്യുന്ന ഹദീഥിൽ റസൂൽﷺ പറഞ്ഞു :

**"എന്റെ ഉമ്മത്ത് 73 കക്ഷികളായി പിളരും. അവയെല്ലാം നരകത്തിലേക്കാണ്, ഒന്നൊഴികെ. അവർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഏതാണ് ആ വിഭാഗം?**

**അവിടുന്ന് പറഞ്ഞു : ഞാനും എന്റെ സ്വഹാബത്തും ഏതൊന്നിലാണോ ആ മാർഗത്തിൽ ഉള്ളവരാണവർ."**

(തിർമിദി)

**"..അവരെല്ലാം നരകത്തിലാണ്"** എന്ന് പറഞ്ഞത് ഹവയുടെ ആളുകളുടെ[13] അവസ്ഥ തുറന്ന് കാണിക്കുകയും അവരെ ജർഹ്[14] ചെയ്യുകയും ആവാം എന്നതിനുള്ള തെളിവാകുന്നു.

[13] **അഹ്‌ലുൽ ഹവ**: ഖുർആനിനെയും സുന്നത്തിനെയും പിൻപറ്റാതെ സ്വന്തം ഇച്ഛകളെ പിൻതുടരുന്നവർ.

*"ഊഹത്തെയും മനസ്സുകൾ ഇച്ഛരിക്കുന്നതിനെയും മാത്രമാണ് അവർ പിന്തുടരുന്നത്. അവർക്ക് തങ്ങളുടെ റബ്ബിങ്കൽ നിന്ന് സൻമാർഗം വന്നിട്ടുണ്ട് താനും."*(സൂറ:നജ്മ്: 23)

*"അപ്പോൾ ഏതൊരാൾ തന്റെ റബ്ബിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ ( അവന്ന് ) സ്വർഗം തന്നെയാണ് സങ്കേതം."* (സൂറ നാസിആത്: 40,41)

*"അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല.അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു."* (സൂറ:നജ്മ്: 3,4)

*"തന്നിഷ്ടത്തെ നീ പിന്തുടർന്നു പോകരുത്. കാരണം അത് അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് നിന്നെ തെറ്റിച്ചുകളയും."* (സൂറ:സ്വാദ്: 26)

*"ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്."* (സൂറ:നിസാഅ്: 135)

[14] **ജർഹ് : ജർഹ്&തഅ്ദീൽ** : ഇത് ഹദീഥ് നിവേദന ശാസ്ത്രത്തിലെ ഒരു ഭാഗമാണ്.
**ജർഹ്** : റിപ്പോർട്ട് ചെയ്യുന്ന ആളുകളിലെ ന്യൂനതകൾ തുറന്ന് കാണിക്കുക, ദുർബലത, കളവ് പോലെ.. ഹദീഥ് കെട്ടിച്ചമക്കുന്ന ആളാണ്, കളവ് പറയുന്ന ആളാണ് അത് പോലെയുള്ള ന്യൂനതകൾ അല്ലാഹുവിന്റെ ദീനിനു വേണ്ടി, ഹദീഥുകൾ സ്വഹീഹാണോ ദഈഫാണോ എന്നെല്ലാം അറിയാൻ വേണ്ടി തുറന്ന് കാണിക്കൽ. പണ്ഡിതന്മാർ ഹിസ്ബി ആണെങ്കിൽ തുറന്ന് കാണിക്കുക, ഹഖിന്റെ ആളല്ല എന്ന് വ്യക്തമാണെങ്കിൽ തുറന്ന് കാണിക്കുക. ഇതെല്ലാമാണ് ജർഹ് കൊണ്ട് ഉദ്ദേശം.

## (49) ഞങ്ങൾ മുസ്‌ലിംകളാണ് എന്നവകാശപ്പെടുന്ന കക്ഷികളിൽ വെച്ച് ഏറ്റവും പിഴച്ചവർ ആരാണ്? എന്നു ചോദിച്ചാൽ

പറയുക : അത് ബാത്വിനിയ്യാക്കളും റാഫിദികളും ജഹ്മിയ്യാക്കളും തീവ്രസൂഫികളുമാകുന്നു.[15]

[15] **ബാത്വിനിയ്യാക്കൾ** : ഇസ്‌ലാമിന് ജൂത നസ്രാണികളേക്കാളും അപകടകാരികളായ കൂട്ടർ എന്നാണ് ഇസ്‌ലാമിക പണ്ഡിത സമൂഹം ഇവരെ വിലയിരുത്തുന്നത്. സൂര്യൻ, ചന്ദ്രൻ, തീ എന്നിവ ആരാധിച്ചിരുന്ന മജൂസികളിൽ നിന്നാണ് ഈ വിഭാഗത്തിന്റെ ഉറവിടം. മറ്റു വിഭാഗങ്ങളെ പോലെ ഇസ്‌ലാമിനെ തകർക്കാൻ ഇസ്‌ലാമിൽ കടന്നു കൂടി ഖുർആനിനെയും സുന്നത്തിനെയും അവരുടെ വിശ്വാസത്തിനു യോജിക്കുന്ന രീതിയിൽ വ്യാഖ്യാനം നടത്തി. ഇസ്‌ലാമിന് പുറത്തുള്ള മറ്റൊരു തീവ്ര ഷിയാ കക്ഷിയാണ് ഇവർ. ഖുർആനിനു പുറമേക്ക് മനസ്സിലാവാത്ത ബാത്വിനിയായ അഥവാ ഒളിഞ്ഞിരിക്കുന്ന ഒരു വിശദീകരണം ഉണ്ടെന്ന് ഇവർ വാദിക്കുന്നു. അത് അല്ലാഹു അവർക്ക് അറിയിച്ചു കൊടുത്തിട്ടുണ്ടെന്നും! ഇത്തരം കുഫ്റിൽ നിന്നും അല്ലാഹു കാക്കട്ടെ..

**റാഫിദികൾ** : അലി ﵁ നോടുള്ള സ്നേഹത്തിൽ അതിരു കവിയുകയും അദ്ദേഹത്തെ അല്ലാഹുവിന്റെ സ്ഥാനത്തേക്ക് വരെ ഉയർത്തി വിളിച്ചു പ്രാർത്ഥിക്കുകയുമടക്കം ശിർക്കും ബിദ്അത്തുകളും നിറഞ്ഞ കക്ഷിയാണ് റാഫിദികൾ. അവർ ഇസ്‌ലാമിന് പുറത്താണെന്ന് പണ്ഡിതന്മാർക്കിടയിൽ ഇജ്മാഅ് ഉണ്ട്. ജൂതനായ അബ്ദുല്ലാഹ് ബ്നു സബാ ആണ് റാഫിദികളുടെ പിതാവ്. അലി ﵁ ഇലാഹാണെന്ന് പറഞ്ഞ് കുഫ്ർ കാണിച്ച ഇയാളെ അലി ﵁ തീയിലിട്ട് കരിക്കുകയാണുണ്ടായത്.

**ജഹ്മിയ്യാക്കൾ** : അല്ലാഹു ﷻ യുടെ സിഫതുകൾ (വിശേഷണങ്ങൾ) നിഷേധിക്കുന്ന ബിദഇ കക്ഷിയാണ്. ഖുർആൻ അല്ലാഹുവിന്റെ സൃഷ്ടിയാണെന്ന് അവർ വാദിക്കുന്നു. യഥാർത്ഥത്തിൽ ഖുർആൻ അല്ലാഹുവിന്റെ കലാം (സംസാരം) ആകുന്നു. അല്ലാഹുവിനെ പരലോകത്ത് കാണില്ല എന്ന് അവർ വാദിക്കുന്നു. ജഹ്മിയാക്കളുടെ വേരുകൾ ചെന്നെത്തുന്നത് റസൂലിന് സിഹ്റ് ചെയ്ത ജൂതനായ 'ലുബൈദ് ബ്ൻ അഅ്സ്വമി' ലേക്കാണെന്ന് ഇബ്നു തൈമിയ്യ പോലെയുള്ളവരുടെ ഗ്രന്ഥങ്ങളിൽ കാണാൻ സാധിക്കും.

**സൂഫികൾ** : അല്ലാഹു അല്ലാത്തവരെ വിളിച്ച് പ്രാർത്ഥിക്കുക, ഖബർ ആരാധന, അദൃശ്യ ജ്ഞാന വാദം, സ്വാലിഹീങ്ങളിൽ അതിരു കവിയൽ. സൂഫികളിലെ ഈ വിശേഷണങ്ങളെല്ലാം നമ്മുടെ നാട്ടിലെ ചില വിഭാഗങ്ങളിൽ കാണാൻ സാധിക്കും. ഭക്തിയുടെ വിഷയത്തിൽ അതിരുകവിഞ്ഞവരാണ് ഇക്കൂട്ടർ. അവർ അല്ലാഹുവിന്റെ അംശം തങ്ങളുടെ ഷൈഖുമാരിലും എല്ലാ മനുഷ്യരിലും ഉണ്ട് എന്ന് വാദിക്കുന്നു. അത്കൊണ്ട് തന്നെ അവരിലെ തീവ്ര വിഭാഗങ്ങൾ ജൂത നസ്രാണികളേക്കാൾ ഇസ്‌ലാമിൽ നിന്ന് അകലെയാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

# ഫിഖ്ഹ്

## (50) ഓരോ ഇബാദത്തുകൾക്കും നിയ്യത്ത് അനിവാര്യമാണ്.

നിയ്യത്തിന്റെ അടിസ്ഥാനം ഹൃദയമാകുന്നു.

തെളിവ് ഉമർ ബ്നുൽ ഖത്താബ്ﷺ വിന്റെ ഹദീഥാകുന്നു. നബിﷺ പറഞ്ഞു :

**"നിശ്ചയം പ്രവർത്തനങ്ങളെല്ലാം നിയ്യത്തിന്റെ അടിസ്ഥാനത്തിലാകുന്നു."**

(മുത്തഫഖുൻ അലൈഹി)

## (51) നിയ്യത്ത് ഉച്ചരിക്കൽ ബിദ്അത്താകുന്നു.

തെളിവ് : ആയിശ رضي الله عنها യുടെ ഹദീഥാകുന്നു. നബിﷺ പറഞ്ഞു :

**"ആരെങ്കിലും നമ്മുടെ ഈ (ദീൻ) കാര്യത്തിൽ പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്".**

(മുത്തഫഖുൻ അലൈഹി)

(52) **"ബിദ്അത്ത്"** എന്താണ് എന്ന് നിന്നോട് ചോദിക്കപ്പെട്ടാൽ

പറയുക : നബിﷺ യുടെ മരണ ശേഷം ഇബാദത്ത് ഉദ്ദേശിച്ച് കൊണ്ട് ഉണ്ടാക്കുന്ന പുതിയ കാര്യങ്ങളാണ് **ബിദ്അത്ത്.** അതിന് ഖുർആനിലോ സുന്നത്തിലോ യാതൊരു തെളിവുമുണ്ടാവുകയില്ല.

**(53) അല്ലാഹു വെള്ളത്തെ ശുദ്ധമായി സൃഷ്ടിച്ചിരിക്കുന്നു. അത് നജസുകളേയും, അശുദ്ധിയേയും ശുദ്ധീകരിക്കുന്നു.**

തെളിവ് : അല്ലാഹുവിന്റെ വാക്കാകുന്നു :

﴿ وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءً طَهُورًا ﴾

**"ആകാശത്ത് നിന്ന് ശുദ്ധമായ ജലം നാം ഇറക്കുകയും ചെയ്തിരിക്കുന്നു".**

(സൂറ അൽ ഫുർഖാൻ : 48)

അല്ലാഹു പറയുന്നു :

﴿ وَيُنَزِّلُ عَلَيْكُم مِّنَ ٱلسَّمَآءِ مَآءً لِّيُطَهِّرَكُم بِهِۦ ﴾

**"നിങ്ങളെ ശുദ്ധീകരിക്കുന്നതിന് ആകാശത്ത് നിന്ന് നിങ്ങൾക്ക് വെള്ളം ഇറക്കിയിരിക്കുന്നു".**

( സൂറ അൽ അൻഫാൽ: 11)

**(54) വിസർജ്ജന സ്ഥലത്ത് പ്രവേശിക്കുമ്പോൾ ഒരാൾ പറയേണ്ടത്.**

അനസ് ബ്നു മാലിക്ﷺ വിൽ നിന്ന് ഉദ്ധരിക്കുന്നു, അദ്ദേഹം പറഞ്ഞു :

**"നബിﷺ വിസർജ്ജന സ്ഥലത്ത് പ്രവേശിക്കുമ്പോൾ ഇപ്രകാരം പറയുമായിരുന്നു :**

**اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الخُبُثِ وَالخَبَائِثِ**

**(അല്ലാഹുവേ! എല്ലാ ഖുബുഥ് (ആൺ പിശാചി)ൽ നിന്നും, ഖബാഇഥ് (പെൺ പിശാചി) ൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു)."**

(മുത്തഫഖുൻ അലൈഹി)

## (55) വിസർജ്ജന മര്യാദകൾ

സൽമാനുൽ ഫാരിസിﷺ വിൽ നിന്ന് ഉദ്ദരിക്കുന്നു :

**"അദ്ദേഹത്തോട് ചോദിക്കപ്പെട്ടു : നിങ്ങളുടെ നബിﷺ മലവിസർജ്ജന കാര്യങ്ങളുൾപ്പെടെ എല്ലാം നിങ്ങളെ പഠിപ്പിച്ചുവോ? അദ്ദേഹം പറഞ്ഞു : അതെ, മലമൂത്ര വിസർജ്ജനം നടത്തുമ്പോൾ ഖിബ്‌ലയെ മുന്നിടുന്നതും, വലതു കൈ കൊണ്ട് (വിസർജ്ജന ശേഷം) ശൗച്യം ചെയ്യുന്നതും, മൂന്ന് കല്ലിൽ കുറവ് കൊണ്ട് ശുദ്ധീകരിക്കുന്നതുമൊക്കെ ഞങ്ങളോട് വിരോധിച്ചിട്ടുണ്ട്."**

(മുസ്‌ലിം)

## (56) വുദൂ ഇല്ലാതെ നമസ്കാരം ശരിയാവുകയില്ല.

തെളിവ് : അബൂഹുറൈറﷺ ന്റെ ഹദീഥാകുന്നു. നബിﷺ പറഞ്ഞു:

**"അശുദ്ധിയായവന് വുദൂ എടുക്കുന്നത് വരെ നമസ്ക്കാരം സ്വീകരിക്കപ്പെടുകയില്ല".**

(മുത്തഫഖുൻ അലൈഹി)

ഇബ്നു ഉമർﷺ വിൽ നിന്ന് ഉദ്ധരിക്കുന്നു : നബിﷺ പറഞ്ഞു:

**"ശുദ്ധിയില്ലാതെ നമസ്ക്കാരം സ്വീകരിക്കപ്പെടുകയില്ല."**

(മുസ്‌ലിം)

## (57) വുദൂഇന്റെ അവയവങ്ങൾ :

- **മുഖം** - അതിൽ വായ കൊപ്ലിക്കലും, മൂക്കിൽ വെള്ളം കയറ്റി ചീറ്റലും ഉൾപ്പെടും.
- **ഇരു കൈകളും മുട്ടുൾപ്പെടെ കഴുകുക.**
- **തല ഒരു തവണ തടവുക.**[16]
- **ഞെരിയാണി വരെ ഇരു കാലുകളും കഴുകുക.**

തെളിവ് : അല്ലാഹുവിന്റെ വാക്കാകുന്നു :

﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا قُمْتُمْ إِلَى ٱلصَّلَوٰةِ فَٱغْسِلُوا۟ وُجُوهَكُمْ وَأَيْدِيَكُمْ إِلَى ٱلْمَرَافِقِ وَٱمْسَحُوا۟ بِرُءُوسِكُمْ وَأَرْجُلَكُمْ إِلَى ٱلْكَعْبَيْنِ ﴾

**“സത്യവിശ്വാസികളേ, നിങ്ങൾ നമസ്ക്കാരത്തിന് ഒരുങ്ങിയാൽ നിങ്ങളുടെ മുഖങ്ങളും, മുട്ടുവരെ രണ്ടു കൈകളും കഴുകുകയും, നിങ്ങളുടെ തല തടവുകയും, ഞെരിയാണി വരെ രണ്ട് കാലുകൾ കഴുകുകയും ചെയ്യുക.”**

(സൂറ: അൽ മാഇദ: 6)

അബ്ദുല്ലാഹ് ബ്നു അംറ്ﷺ ഉദ്ദരിക്കുന്നു : നബിﷺ പറഞ്ഞു :

**“മടമ്പുകൾക്ക് ( മടമ്പുകൾ നനയാത്തവർക്ക്) നരകത്തിൽ നിന്ന് ويل (നാശം / നരകത്തിലെ താഴ്വര) ഉണ്ട്.”**

(മുത്തഫഖുൻ അലൈഹി)

[16] ചെവി തലയുടെ ഭാഗമാണ്, അത്കൊണ്ട് തലയുടെ കൂടെ ചേർത്തിയാണ് ചെവി തടവേണ്ടത്. അതാണ് യോജിച്ച പണ്ഡിതാഭിപ്രായം. ഇത് വുദൂഇന്റെ സുന്നത്തുകളിൽ പെട്ടതാണ്. തിർമിദി റിപ്പോർട്ട് ചെയ്ത ഇബ്നു അബ്ബാസ്ﷺ വിന്റെ ഹദീഥ് നമ്പർ : 36
(ഫത്ഹുൽ അല്ലാം വാല്യം: 1 പേജ്: 153)

## (58) വുദൂവിൽ വലതിനെ മുന്തിക്കുക.

തെളിവ് : അബൂ ഹുറൈറﷺ ഉദ്ദരിക്കുന്ന ഹദീഥാകുന്നു :

**“നബിﷺ തന്റെ വലതു കൈയ്യുടെ മേൽകൈ വരെ കഴുകി, ഇടതു കൈയ്യും മേൽകൈ വരെ കഴുകി, ശേഷം തല തടവി. പിന്നീട് തന്റെ വലതു കണങ്കാൽ വരെ കഴുകി, ശേഷം ഇടതുകാൽ കണങ്കാൽ വരെ കഴുകി എന്നിട്ട് അവിടുന്ന് പറഞ്ഞു : വുദൂഅ് പൂർണ്ണമായി നിർവ്വഹിച്ചതിനാൽ ഖിയാമത്ത് നാളിൽ തിളങ്ങുന്ന മുഖവും, കൈകളും, പാദങ്ങളുമായിട്ടാണ് നിങ്ങൾ വരിക.”**

( മുസ്ലിം)

സുനനു അബീദാവൂദിൽ സ്വഹീഹായ സനദോട് കൂടി അബൂഹുറൈറﷺ വിന്റെ ഹദീഥിൽ നബിﷺ പറഞ്ഞു :

**“നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും, വുദൂ ചെയ്യുമ്പോഴും, നിങ്ങൾ വലതു കൊണ്ട് തുടങ്ങുക.”**

## (59) നബിﷺ യുടെ വുദുവിന്റെ ഏറ്റവും നല്ല വിവരണം :

**“അദ്ദേഹം തന്റെ കൈകൾ മൂന്നു തവണ കഴുകി, ശേഷം വായ കൊപ്ലിച്ചു, മൂക്കിൽ വെള്ളം കയറ്റി ചീറ്റി (വായ കൊപ്ലിക്കലും, മൂക്കിൽ വെള്ളം കയറ്റലും ഒരു കൈ വെള്ളത്തിലാണ് ചെയ്തത്. അപ്രകാരം മൂന്ന് തവണ ചെയ്തു). പിന്നീട് മുഖം മൂന്ന് തവണ കഴുകി. പിന്നീട് ഇരു കൈകളും മുട്ടുൾപ്പെടെ മേൽകൈ വരെ മൂന്ന് തവണ കഴുകി. കൈ കഴുകിയതിൽ ബാക്കിയുണ്ടായതല്ലാത്ത മറ്റൊരു വെള്ളം കൊണ്ട് തല ഒരു തവണ തടവി. തലയുടെ മുൻഭാഗത്ത് നിന്ന് തുടങ്ങി രണ്ട് കൈകളും പിരടി വരെ കൊണ്ട് പോയി തുടങ്ങിയ സ്ഥലത്തേക്ക് തന്നെ മടക്കി. ശേഷം ഇരു കാലുകളും ഞെരിയാണിയുൾപ്പെടെ കണങ്കാൽ വരെ മൂന്ന് തവണ കഴുകി.”**

ഇത് ഉഥ്മാൻﷺ വിൽ നിന്ന് സ്വഹീഹായി ഉദ്ദരിച്ചിട്ടുണ്ട്.

(മുത്തഫഖുൻ അലൈഹി)

സ്വഹീഹായി വന്ന മറ്റു ഹദീഥിൽ നിന്നുള്ളതും ഇതിൽ ചേർത്തിട്ടുണ്ട്.

- നമസ്ക്കാരത്തിനു മുമ്പ് സിവാക്ക് (ദന്ത ശുദ്ധീകരണം) നടത്തുക എന്നത് അങ്ങേയറ്റം ശ്രേഷ്ഠകരമായ പുണ്യകർമ്മമാണ്.

തെളിവ് : അബൂഹുറൈറﷺ വിന്റെ ഹദീഥാകുന്നു. നബിﷺ പറഞ്ഞു :

**“എന്റെ ഉമ്മത്തിന് പ്രയാസകരമാവുകയില്ലെങ്കിൽ ഓരോ നമസ്ക്കാരത്തിനും സിവാക്ക് (ദന്ത ശുദ്ധീകരണം) ചെയ്യാൻ ഞാൻ കൽപ്പിക്കുമായിരുന്നു.”**

(മുത്തഫഖുൻ അലൈഹി)

## (60) ആരെങ്കിലും വുദൂവോട് കൂടി ഷൂസോ, സോക്സോ ധരിച്ചാൽ

പിന്നീട് (വുദൂ ചെയ്യുമ്പോൾ) അവന് അതിന്മേൽ തടവിയാൽ മതിയാകുന്നതാണ്. അവൻ നാട്ടിൽ തന്നെ താമസിക്കുന്ന ആളാണെങ്കിൽ ഒരു രാത്രിയും ഒരു പകലും , യാത്രയിലാണെങ്കിൽ മൂന്ന് രാത്രിയും മൂന്ന് പകലും അതിന്മേൽ തടവിയാൽ മതിയാകുന്നതാണ്.[17]

തെളിവ് : അബൂബക്കർﷺ ഉദ്ദരിക്കുന്ന ഹദീഥാകുന്നു :

**“നബിﷺ യാത്രക്കാരനായ ഒരാൾക്ക് വുദൂവോട് കൂടിയാണ് അവൻ ഷൂസ് ധരിച്ചിട്ടുള്ളതെങ്കിൽ പിന്നീട് വുദൂ ചെയ്യുമ്പോൾ മൂന്ന് രാത്രിയും, പകലും അതിന്മേൽ തടവാൻ ഇളവ് നൽകി. മുഖീമിന് (യാത്രയിലല്ലാത്ത ആൾ) ഒരു രാത്രിയും, പകലും.”**

(ഇബ്നുമാജ)

ഹസൻ ആയ ഹദീഥാകുന്നു.

[17] ആദ്യത്തെ തടവൽ മുതൽ ആണു സമയം പരിഗണിക്കപ്പെടുക. ചെരുപ്പിൽ തടവൽ ബാധകമല്ല. 24 മണിക്കൂർ കഴിഞ്ഞു (തടവലിന്റെ സമയം കഴിഞ്ഞും) ഒരാൾ വുദുവിൽ ആണെങ്കിൽ വുദു മുറിയുന്നത് വരെ അയാൾക്ക് നമസ്കരിക്കാം, പാദരക്ഷയുടെ മുകളിലാണ് തടവേണ്ടത്, താഴെ അല്ല. മുഴുവനായി തടവണമെന്നില്ല, ചെറിയൊരു ഭാഗം തടവിയാൽ തന്നെ മതിയാകുന്നതാണ്. (ഫത്ഹുൽ അല്ലാം വോള്യം 1 : പേജ് 204)

- തടവൽ പാദരക്ഷയുടെ മുകളിലാണ്.

തെളിവ് : അലീ ബ്നു അബീ താലിബ്ﷺ വിന്റെ ഹദീഥാകുന്നു :

**‘‘അദ്ദേഹം പറഞ്ഞു : നബിﷺ തന്റെ പാദരക്ഷയുടെ[18] മുകളിൽ തടവുന്നതായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്.’’**

(അബൂദാവൂദ്)

ഇത് സ്വഹീഹായ ഹദീഥാണ്.

## (61) നമസ്ക്കാര സമയമാവുകയും വെള്ളം ലഭിക്കാതെ വരികയും ചെയ്താൽ നിങ്ങൾ തയമ്മും ചെയ്യുക.

തെളിവ് അല്ലാഹുവിന്റെ വാക്കാകുന്നു :

﴿فَلَمْ تَجِدُوا۟ مَآءً فَتَيَمَّمُوا۟ صَعِيدًا طَيِّبًا فَٱمْسَحُوا۟ بِوُجُوهِكُمْ وَأَيْدِيكُم مِّنْهُ﴾

**“നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക.”**

(സൂറ അൽ മാഇദ: 6)

(ഭൂമുഖം) എന്നത് ഭൂമിയിലുള്ള മണ്ണാകുന്നു. ഹുദൈഫﷺ ഉദ്ദരിക്കുന്ന ഹദീഥിൽ നബിﷺ പറഞ്ഞു :

**“ഭൂമി മുഴുവൻ നമുക്ക് നമസ്ക്കരിക്കാനുള്ള സ്ഥലമാക്കി തന്നിരിക്കുന്നു, അതിലെ മണ്ണ് നമുക്ക് വെള്ളം ലഭ്യമല്ലാത്ത അവസ്ഥയിൽ ഉപയോഗിക്കാനായി ശുദ്ധമാക്കി തന്നിരിക്കുന്നു.”**

(മുസ്ലിം)

[18] ഞെരിയാണി ഉൾപ്പടെ പാദം മുഴുവൻ മറയുന്ന വിധത്തിലുള്ള ഷൂസ് , സോക്സ് എന്നിവ മാത്രമേ പാദരക്ഷയുടെ പരിധിയിൽ വരുകയുള്ളൂ.

**(62) നീ വുദൂഇൽ നിന്ന് വിരമിച്ചാൽ ഇപ്രകാരം പറയുക :**

أَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ وَأَنَّ محمدًا عَبْدُهُ وَرَسُولُهُ

**(അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ് അല്ലാഹുവിന്റെ അടിമയും, ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.)**

തെളിവ് ഉമർ ബ്നുൽ ഖത്താബ്ﷺ വിന്റെ ഹദീഥാകുന്നു. അദ്ദേഹം പറഞ്ഞു : നബിﷺ പറഞ്ഞു :

**“നിങ്ങളിലൊരാൾ വുദു എടുക്കുകയും, വുദു പൂർണ്ണമാക്കുകയും ശേഷം**

أَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ وَأَنَّ محمدًا عَبْدُهُ وَرَسُولُهُ

**(അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു) എന്ന് പറയുകയും ചെയ്താൽ അവന് സ്വർഗ്ഗത്തിലെ 8 കവാടങ്ങൾ തുറന്ന് കൊടുക്കപ്പെടാതിരിക്കില്ല, അവൻ ഉദ്ദേശിക്കുന്നതിലൂടെ അവനതിൽ പ്രവേശിക്കാം.”**

(മുസ്‌ലിം)

**19**

[19] ഇത്ര മാത്രമാണു വുദുവിന്റെ പ്രാർത്ഥനകളിൽ സ്ഥിരപ്പെട്ടു വന്നിട്ടുള്ളത്.

## (63) വുദൂ ദുർബലപ്പെടുന്ന കാര്യങ്ങൾ

**1 - മുൻ ദ്വാരത്തിലൂടെയോ, പിൻദ്വാരത്തിലൂടെയോ വല്ലതും പുറത്ത് വരിക.**

തെളിവ് അബൂഹുറൈറ(റ) വിന്റെ ഹദീഥാകുന്നു :

**"അശുദ്ധിയുള്ളവന് വുദൂ എടുക്കുന്നത് വരെ നമസ്ക്കാരം സ്വീകരിക്കപ്പെടുകയില്ല."**

(മുത്തഫഖുൻ അലൈഹി)

**2,3 - ആഴത്തിലുള്ള ഉറക്കവും, ജനാബത്തും**

തെളിവ് : സ്വഫ്വാൻ ബ്നു അസ്സാൽ(റ) വിന്റെ ഹദീഥാകുന്നു:

**"യാത്രയിലിരിക്കേ ജനാബത്തുകാരനായല്ലാതെ മൂന്ന് രാത്രിയും പകലും ഖുഫ അഴിക്കേണ്ടതില്ല എന്ന് റസൂൽ(ﷺ) ഞങ്ങളോട് കൽപ്പിക്കുമായിരുന്നു. എന്നാൽ ഉറക്കമോ, മലമൂത്ര വിസർജ്ജനമോ നടത്തിയാൽ ഞങ്ങൾ അത് ഊരാറില്ലായിരുന്നു."**

(തിർമിദി)

ഹസൻ ആയ ഹദീഥാണ്.

അമ്പിയാക്കളുടെ ഉറക്കം അവരുടെ വുദൂഇനെ ദുർബലപ്പെടുത്തുകയില്ല.

ഇമാം ബുഖാരി തന്റെ സ്വഹീഹിൽ അനസ് ബ്നു മാലിക്ക്(റ) വിൽ നിന്ന് ഉദ്ദരിക്കുന്ന ഹദീഥിൽ നബി(ﷺ) പറഞ്ഞു :

**"അമ്പിയാക്കൾ, അവരുടെ കണ്ണുകൾ ഉറങ്ങും, ഹൃദയങ്ങൾ ഉറങ്ങുകയില്ല."**

ഇത് അവർക്ക് മാത്രമുള്ള പ്രത്യേകതയാണ്.

### 4 - ലൈംഗികാവയവം സ്പർശിക്കൽ

തെളിവ് : ബുസ്റ ബ്ൻതു സ്വഫ്‌വാൻ رضي الله عنها യുടെ ഹദീഥാകുന്നു. നബിﷺ പറഞ്ഞു :

**"ആരെങ്കിലും തന്റെ ലൈംഗികാവയവം സ്പർശിച്ചാൽ വുദൂ ചെയ്യുന്നത് വരെ അവൻ നമസ്ക്കരിക്കാൻ പാടില്ല."**

(തിർമിദി)

ഇത് ഹസൻ ആയ ഹദീഥാകുന്നു.

അബ്ദുല്ലാഹ് ബിൻ അംറ്رضي الله عنه ഉദ്ദരിക്കുന്ന ഹദീഥിൽ നബിﷺ പറഞ്ഞു :

**"ഏതെങ്കിലും പുരുഷൻ തന്റെ ലൈംഗികാവയവം സ്പർശിച്ചാൽ അവൻ വുദൂ എടുക്കട്ടെ, ഏതെങ്കിലും സ്ത്രീ അവളുടെ ലൈംഗികാവയവം സ്പർശിച്ചാൽ അവൾ വുദൂ എടുക്കട്ടെ."**

(അഹ്മദ്)

### 5 - ഒട്ടകത്തിന്റെ മാംസം ഭക്ഷിക്കൽ

തെളിവ് : ജാബിർ ബ്നു സമുറرضي الله عنه വിന്റെ ഹദീഥാകുന്നു :

**"ഒരാൾ റസൂൽﷺ യോട് ചോദിച്ചു: ഒട്ടകത്തിന്റെ മാംസം കഴിച്ചാൽ നാം വുദൂ എടുക്കേണ്ടതുണ്ടോ: അദ്ദേഹം പറഞ്ഞു : അതെ."**

(മുസ്ലിം)

**6 - മതപരിത്യാഗം**

അത് വുദൂഇൽ നിന്നും , ഇസ്‌ലാമിൽ നിന്നും പുറത്ത് പോകും.

തെളിവ് : അല്ലാഹുവിന്റെ വാക്കാകുന്നു :

﴿ وَمَن يَكْفُرْ بِالْإِيمَانِ فَقَدْ حَبِطَ عَمَلُهُ ﴾

**"സത്യവിശ്വാസത്തെ ആരെങ്കിലും തള്ളിക്കളയുന്ന പക്ഷം അവന്റെ കർമ്മം നിഷ്ഫലമായിക്കഴിഞ്ഞു."**

(സൂറ അൽ മാഇദ: 5)

**7 - ഭ്രാന്ത്, ലഹരി , അബോധാവസ്ഥ പോലുള്ള കാര്യങ്ങളാൽ ബുദ്ധി നഷ്ടപ്പെടുക, അത്പോലുള്ള ബുദ്ധി നീക്കിക്കളയുന്ന മരുന്നുകളുടെ ഉപയോഗം**

ഈ കാരണത്താലൊക്കെയും വുദൂ മുറിയും എന്നതിൽ ഉലമാക്കൾ ഏകോപിച്ചിട്ടുണ്ട്.

**(64) ഒരു മുസ്‌ലിമിന്റെ മേൽ രാവും പകലുമായി അഞ്ചു നേരത്തെ നമസ്കാരം നിർബന്ധമാണ്.**

തെളിവ് : ത്വൽഹത്തു ബ്നു ഉബൈദില്ല رضي الله عنه വിന്റെ ഹദീഥാകുന്നു :

**"ഒരു അഅ്റാബി ഒരിക്കൽ റസൂൽ ﷺ യോട് ഇസ്‌ലാമിനെ കുറിച്ച് ചോദിച്ചു. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: രാത്രിയും പകലിലുമായുള്ള അഞ്ചു നമസ്കാരങ്ങളാണ്."**

(മുത്തഫഖുൻ അലൈഹി)

- അഞ്ചു നേരത്തെ നമസ്കാരങ്ങളിലായി എത്ര റക്അത്തുകളുണ്ട് എന്ന് നിന്നോട് ചോദിക്കപ്പെട്ടാൽ പറയുക :

അതിൽ 17 റക്അത്തുകളുണ്ട്.

ളുഹർ 4 റക്അത്ത്, അസ്ർ 4 റക്അത്ത്, മഗ്‌രിബ് 3 റക്അത്ത്, ഇശാഅ് 4 റക്അത്ത്, സുബ്ഹ് 2 റക്അത്തുമാണ്. യാത്രയിൽ ളുഹർ, അസ്ർ, ഇശാ എന്നിവ രണ്ട് റക്അത്തായി ചുരുക്കപ്പെടും. അപ്പോൾ അത് 11 റക്അത്തുകളായിരിക്കും.

### (65) എല്ലാ നമസ്കാരത്തിനും അതിന്റെ കൃത്യ സമയത്ത് ബാങ്ക് വിളിക്കേണ്ടതാണ്.

തെളിവ് : മാലിക്ക് ബ്നു അൽ ഹുവൈരിസ്ﷺ വിന്റെ ഹദീഥാകുന്നു. നബിﷺ പറഞ്ഞു :

**“നമസ്കാരത്തിനു സമയമായാൽ നിങ്ങളിലൊരാൾ ബാങ്ക് വിളിക്കുക, നിങ്ങളിൽ മുതിർന്ന ആൾ ഇമാമായി നിൽക്കുകയും ചെയ്യുക.”**

(മുത്തഫഖുൻ അലൈഹി)

ഇതിൽ അഞ്ചു നേരത്തെ നമസ്കാരം സംഘടിതമായി നിർവഹിക്കാനുള്ള കൽപ്പനയുണ്ട്.

### (66) ബാങ്ക് കേൾക്കുന്ന ഒരാൾ മുഅദ്ദിൻ പറയുന്നത് പോലെ ആവർത്തിക്കേണ്ടതുണ്ട്.

തെളിവ് : അബൂ സഈദ് അൽ ഖുദ്‌രിﷺ വിന്റെ ഹദീഥാകുന്നു.

റസൂൽﷺ പറഞ്ഞു :

**“ബാങ്ക് കേട്ടാൽ മുഅദ്ദിൻ പറയുന്നത് പോലെ നിങ്ങളും പറഞ്ഞു കൊള്ളുക.”**

(മുത്തഫഖുൻ അലൈഹി)

## (67) നമസ്കാരത്തിന് വേണ്ടി നിന്നാൽ ഖിബ്ലക്ക് അഭിമുഖമായി നിൽക്കുക.

തെളിവ് : അല്ലാഹുവിന്റെ വാക്കാകുന്നു :

﴿فَلَنُوَلِّيَنَّكَ قِبۡلَةٗ تَرۡضَىٰهَاۚ فَوَلِّ وَجۡهَكَ شَطۡرَ ٱلۡمَسۡجِدِ ٱلۡحَرَامِۚ وَحَيۡثُ مَا كُنتُمۡ فَوَلُّواْ وُجُوهَكُمۡ شَطۡرَهُۥ﴾

**''അതിനാൽ നിനക്ക് ഇഷ്ടമാകുന്ന ഒരു ഖിബ്ലയിലേക്ക് നിന്നെ നാം തിരിക്കുകയാണ്. ഇനി മേൽ നീ നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്കാണ് നിങ്ങൾ മുഖം തിരിക്കേണ്ടത്''**

(സൂറ അൽ ബഖറ : 144)

## (68) നാല് സന്ദർഭങ്ങളിലാണ് നമസ്കാരത്തിൽ കൈകൾ ഉയർത്തേണ്ടത്.

തെളിവ് : അബ്ദുള്ളാഹ് ബ്നു ഉമർﷺ വിന്റെ ഹദീഥാകുന്നു :

**"നബിﷺ നമസ്കാരത്തിൽ പ്രവേശിച്ചാൽ അല്ലാഹു അക്ബർ എന്ന് പറഞ്ഞു കൊണ്ട് തന്റെ ചുമലുവരെ കൈകൾ ഉയർത്തും, പിന്നീട് റുകൂഇലേക്ക് പോകുമ്പോഴും അദ്ദേഹം കൈകളുയർത്തും. സമിഅല്ലാഹു ലിമൻ ഹമിദ എന്ന് പറയുമ്പോഴും കൈകൾ ഉയർത്തും. (രണ്ട് റക്അത്തിനു ശേഷം എഴുന്നേൽക്കുന്ന വേളയിലും കൈകൾ ഉയർത്തും).**

**ഇബ്നു ഉമർ അപ്രകാരം ചെയ്യാറുണ്ടായിരുന്നു."**

(മുത്തഫഖുൻ അലൈഹി)

രണ്ട് റക്അത്തിനു ശേഷം ഉയരുന്ന വേളയിൽ കൈകൾ ഉയർത്തി എന്നത് ഇമാം ബുഖാരി മാത്രം ഉദ്ദരിച്ചതാകുന്നു.

**(69) നമസ്കാരത്തിൽ ഇടതു കൈയ്യുടെ മുകളിൽ വലതു കൈ വെക്കൽ.**

തെളിവ് : സഹൽ ബ്നു സഅ്ദ്ﷺ വിന്റെ ഹദീഥാകുന്നു. അദ്ദേഹം പറഞ്ഞു :

**"ഒരാൾ നമസ്ക്കരിക്കുമ്പോൾ തന്റെ വലതു കൈ ഇടതു കൈയ്യിന്മേൽ വെക്കാൻ ജനങ്ങൾ കൽപ്പിക്കപ്പെട്ടിരിക്കുന്നു. എന്നിട്ട് അദ്ദേഹം അത് നബിﷺ യിലേക്ക് ചേർത്തി പറഞ്ഞു."**

**(70) തക്ബീറത്തുൽ ഇഹ്റാമിനു ശേഷം പ്രാരംഭ പ്രാർത്ഥനയായി ചൊല്ലാൻ ഏറ്റവും സ്വഹീഹായിട്ടുള്ള ദുആ** അബൂ ഹുറൈറﷺ വിന്റെ ഹദീഥിൽ വന്നതാകുന്നു.

അദ്ദേഹം പറഞ്ഞു :

**"തക്ബീറത്തുൽ ഇഹ്റാമിനു ശേഷം ഖുർആൻ പാരായണം തുടങ്ങുന്നതിനു മുമ്പായി റസൂൽﷺ അൽപ നേരം മിണ്ടാതെ നിൽക്കുമായിരുന്നു. അപ്പോൾ എന്താണ് (ആ സമയത്ത്) പറഞ്ഞത് എന്ന് ചോദിക്കപ്പെട്ടു. റസൂൽﷺ പറഞ്ഞു :**

اللهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ، اللهُمَّ نَقِّنِي مِنْ خَطَايَايَ كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَسِ، اللهُمَّ اغْسِلْنِي مِنْ خَطَايَايَ بِالثَّلْجِ وَالْمَاءِ وَالْبَرَدِ

**ഞാൻ പറയും, (അല്ലാഹുവേ! കിഴക്കിനേയും പടിഞ്ഞാറിനേയും തമ്മിൽ നീ അകറ്റിയത് പോലെ എന്നേയും എന്റെ പാപങ്ങളേയും തമ്മിൽ നീ അകറ്റേണമേ. അല്ലാഹുവേ! വെള്ള വസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധീകരിക്കപ്പെടുന്നതു പോലെ എന്നെ എന്റെ പാപങ്ങളിൽ നിന്ന് നീ ശുദ്ധിയാക്കേണമേ. അല്ലാഹുവേ! ആലിപ്പഴം, വെള്ളം, മഞ്ഞ് എന്നിവ കൊണ്ട് എന്റെ പാപങ്ങളിൽ നിന്ന് എന്നെ ശുദ്ധിയാക്കേണമേ)."**

(മുത്തഫഖുൻ അലൈഹി)

**(71) ഫാത്തിഹ പാരായണം ചെയ്യുന്നതിന് മുമ്പ് ശപിക്കപ്പെട്ട ശൈത്വാനിൽ നിന്ന് രക്ഷ തേടുകയും പതുക്കെ ബിസ്മി ചൊല്ലുകയും ചെയ്യുക.**

തെളിവ് : അല്ലാഹുവിന്റെ വാക്കാകുന്നു :

﴿فَإِذَا قَرَأْتَ ٱلْقُرْءَانَ فَٱسْتَعِذْ بِٱللَّهِ مِنَ ٱلشَّيْطَٰنِ ٱلرَّجِيمِ﴾

**"നീ ഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവോട് ശരണം തേടിക്കൊള്ളുക."**

(സൂറ നഹ്ൽ: 98)

അനസ് ബ്നു മാലിക്ﷺ ഉദ്ദരിക്കുന്നു :

**"നബിﷺ യും അബൂ ബക്കറും, ഉമറും ''അൽ ഹംദുലില്ലാഹി റബ്ബിൽ ആലമീൻ'' എന്നോതി കൊണ്ടായിരുന്നു നമസ്കാരം തുടങ്ങാറുണ്ടായിരുന്നത്."**

**(മുത്തഫഖുൻ അലൈഹി)**

മറ്റൊരു രിവായത്തിൽ വന്നിരിക്കുന്നു :

**"അവർ بسم الله الرحمن الرحيم ഉച്ചത്തിൽ പാരായണം ചെയ്യാറില്ലായിരുന്നു."**

(അഹ്മദ് 3/189, നസാഇ(2/135) എന്നിവർ സ്വഹീഹായ സനദോടെ ഉദ്ദരിച്ചിട്ടുണ്ട്.

**(72) أعوذ بالله من الشيطان الرجيم , بسم الله الرحمن الرحيم എന്നിവ ഓതിയതിനു ശേഷം സൂറത്തുൽ ഫാത്തിഹ ഓതുക.**

തെളിവ് : ഉബാദത്ത് ബ്നു സ്വാമിത്ﷺ വിന്റെ ഹദീഥാകുന്നു. നബിﷺ പറഞ്ഞു :

**"ഫാത്തിഹ പാരായണം ചെയ്യാത്തവന് നമസ്ക്കാരമില്ല."**

(മുത്തഫഖുൻ അലൈഹി)

**(73) ആമീൻ പറയൽ.**

തെളിവ് : അബൂഹുറൈറﷺ വിന്റെ ഹദീഥാകുന്നു. അദ്ദേഹം പറഞ്ഞു : റസൂൽﷺ പറഞ്ഞു :

**"ഇമാം غير المغضوب عليهم ولا الضالين എന്ന് പറഞ്ഞാൽ നിങ്ങൾ ആമീൻ എന്ന് പറയുക."**

(മുത്തഫഖുൻ അലൈഹി)

ആയിശ رضي الله عنها ഉദ്ദരിക്കുന്നു. നബിﷺ പറഞ്ഞു :

**"ആമീൻ പറയുന്നതിലും, സലാം പറയുന്നതിലും യഹൂദികൾ നിങ്ങളോട് അസൂയ വെക്കുന്നത് പോലെ മറ്റൊരു കാര്യത്തിലും അവർ നിങ്ങളോട് അസൂയ വെക്കുന്നില്ല."**

(ഇബ്നു മാജ ഉദ്ദരിച്ചിട്ടുണ്ട്.)

ഇത് ഹസനായ ഹദീഥാകുന്നു.

## (74) നമസ്കാരത്തിൽ അടങ്ങിപ്പാർക്കുക. (തുമഅ്നീനത്തോടെ[20] നമസ്ക്കരിക്കുക)

തെളിവ് : അബൂ ഹുറൈറﷺ വിന്റെ ഹദീഥാകുന്നു :

**“നമസ്ക്കാരം മോശമായി നിർവഹിച്ച ആളോട് നബിﷺ പറഞ്ഞു : നീ നമസ്ക്കാരത്തിന് വേണ്ടി നിന്നാൽ തക്ബീർ ചൊല്ലുക, പിന്നീട് നിനക്ക് ഖുർആനിൽ നിന്ന് എളുപ്പമായത് പാരായണം ചെയ്ത് കൊള്ളുക. പിന്നീട് റുകൂഅ് ചെയ്യുക, റുകൂഇൽ അടങ്ങിപ്പാർക്കുക. പിന്നീട് റുകൂഇൽ നിന്ന് ഉയരുക, നിവർന്ന് നിൽക്കുക. പിന്നീട് സുജൂദ് ചെയ്യുക, സുജൂദിൽ നീ അടങ്ങി കഴിയുവോളം. പിന്നീട് നിന്റെ നമസ്കാരത്തിലുടനീളം ഇപ്രകാരം ചെയ്യുക.”**

## (75) കൈകൾ നിലത്തു വെച്ച് കൊണ്ട് സുജൂദ് ചെയ്യുക.

തെളിവ് : അൽ ബറാഅ് ബ്നു ആസിബ്ﷺ വിന്റെ ഹദീഥാകുന്നു. അദ്ദേഹം പറഞ്ഞു :

**"റസൂൽﷺ سمع الله لمن حمده എന്ന് പറഞ്ഞാൽ അദ്ദേഹം സുജൂദിൽ ആകുന്നത് വരെ ഞങ്ങളിൽ ഒരാളും തന്റെ മുതുക് വളക്കാറുണ്ടായിരുന്നില്ല. പിന്നീട് അദ്ദേഹം സുജൂദിൽ ആയാൽ ഞങ്ങളും സുജൂദ് ചെയ്യും."**

(മുത്തഫഖുൻ അലൈഹി)

കൈകളിൽ ഊന്നിക്കൊണ്ട് സുജൂദിലേക്ക് പോകുമ്പോഴാണ് മുതുക് വളയുക.

[20] നമസ്കാരത്തിൽ ഓരോ പ്രവർത്തിയിലും (സുജൂദ്, റുകൂഅ്, നിറുത്തം, ഇരുത്തം) തിരക്ക് കൂട്ടാതെ സാവദാനത്തോടെയും ഭയഭക്തിയോടെയും ചെയ്യൽ. “സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ...”( സൂറ: മുഅ്മിനൂൻ:1,2)

## (76) സുജൂദിലേയും റുകൂഇലേയും പ്രാർത്ഥനകൾ

ഹുദൈഫﷺ ഉദ്ദരിക്കുന്ന ഹദീഥ് :

**"നബിﷺ അദ്ദേഹത്തിന്റെ റുകൂഇൽ**

**سُبْحَانَ رَبِّيَ الْعَظِيمِ**

**(അതി മഹത്വമുള്ള എന്റെ റബ്ബ് എത്രയധികം പരിശുദ്ധൻ) എന്നും സുജൂദിൽ**

**سُبْحَانَ رَبِّيَ الأَعْلَى**

**(അത്യുന്നതനായ എന്റെ റബ്ബ് എത്രയധികം പരിശുദ്ധൻ) എന്നും പറയുമായിരുന്നു."**

(മുസ്ലിം : 772)

റുകൂഇലും സുജൂദിലും ഏറ്റവും കുറഞ്ഞത് മൂന്ന് തസ്ബീഹുകളാണ്. അത് നബിﷺ യിൽ നിന്ന് വ്യത്യസ്ത പരമ്പരകളിലൂടെ സ്ഥിരപ്പെട്ടിട്ടുണ്ട്.

റുകൂഇൽ അല്ലാഹുവിനെ കുറിച്ചുള്ള ദിക്റും, സുജൂദിൽ തസ്ബീഹിനു ശേഷം ദുആയും അധികരിപ്പിക്കേണ്ടതുണ്ട്.

തെളിവ് : ഇബ്നു അബ്ബാസ്ﷺ ഉദ്ദരിക്കുന്ന ഹദീഥാകുന്നു. നബിﷺ പറഞ്ഞു :

**"റുകൂഇൽ നിങ്ങൾ നിങ്ങളുടെ റബ്ബിനെ മഹത്വപ്പെടുത്തുകയും സുജൂദിൽ കഴിയുന്നത്ര ദുആ ഇരക്കുകയും ചെയ്യുക. നിങ്ങളുടെ ദുആ സ്വീകരിക്കപ്പെടാൻ സാധ്യതയുള്ള സന്ദർഭമാണത്."**

## (77) റുകൂഇൽ നിന്ന് ഉയരുമ്പോൾ ഇമാമും, ഒറ്റക്ക് നമസ്കരിക്കുന്ന ആളും[21] പറയേണ്ടത് :

അബൂഹുറൈറﷺ വിൽ നിന്ന് ഉദ്ദരിക്കപ്പെടുന്നു : അദ്ദേഹം പറഞ്ഞു :

**"നബിﷺ നമസ്കാരത്തിന് വേണ്ടി നിന്നാൽ നിൽക്കുന്ന വേളയിൽ അല്ലാഹു അക്ബർ എന്ന് പറയും, പിന്നീട് റുകൂഇലേക്ക് പോകുമ്പോഴും അല്ലാഹു അക്ബർ പറയും. പിന്നീട് റുകൂഇൽ നിന്ന് മുതുക് ഉയർത്തുമ്പോൾ**

سَمِعَ اللّٰهُ لِمَنْ حَمِدَهُ

**(അല്ലാഹുവിനെ സ്തുതിക്കുന്നവർക്ക് അവൻ ഉത്തരം നൽകട്ടെ) എന്ന് പറയും.**

**പിന്നീട് നിന്ന് കൊണ്ട്**

رَبَّنَا لَكَ الْحَمْدُ

**(ഞങ്ങളുടെ റബ്ബേ! നിനക്കാണ് എല്ലാ സ്തുതിയും) എന്ന് പറയും..."**

(മുത്തഫഖുൻ അലൈഹി)

നമസ്കാരത്തിൽ ഒരവസ്ഥയിൽ നിന്ന് അടുത്തതിലേക്ക് പോകുമ്പോൾ തക്ബീർ (الله أكبر) ചൊല്ലേണ്ടതുണ്ട്.

[21] എന്നാൽ ഇമാമിന് പിന്നിൽ നിന്ന് നിസ്കരിക്കുന്ന ആൾ റുകൂഇൽ നിന്ന് ഉയരുമ്പോൾ **ربنا لك الحمد** മാത്രം പറഞ്ഞാൽ മതി.

## (78) നമസ്കാരത്തിലെ തശഹ്ഹുദ്

തശഹ്ഹുദിൽ ചൊല്ലേണ്ടതിൽ ഏറ്റവും സ്വഹീഹായി വന്ന രൂപം ഇബ്നു മസ്ഊദ്﵁ ഉദ്ദരിക്കുന്ന ഹദീഥിലുള്ളതാണ്. നബിﷺ പറഞ്ഞു :

**"നിങ്ങൾ നമസ്കാരത്തിൽ ഇരിക്കുന്ന അവസ്ഥയിൽ ഇങ്ങനെ പറയണം :**

**التَّحِيَّاتُ لِلَّهِ وَالصَّلَوَاتُ وَالطَّيِّبَاتُ، السَّلاَمُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللَّهِ وَبَرَكَاتُهُ، السَّلاَمُ عَلَيْنَا وَعَلَى عِبَادِ اللَّهِ الصَّالِحِينَ، أَشْهَدُ أَنْ لاَ إِلَهَ إِلَّا اللَّهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ**

**(എല്ലാ അഭിവാദ്യങ്ങളും അല്ലാഹുവിന്ന്, എല്ലാ പ്രാർത്ഥനകളും സൽകർമങ്ങളും അവനു തന്നെ. നബിയേ! അങ്ങേയ്ക്ക് അല്ലാഹുവിന്റെ സലാം, റഹ്മത്ത്, ബറക്കത്ത് (സമാധാനവും, കാരുണ്യവും, അനുഗ്രഹങ്ങളും) ഉണ്ടാകട്ടെ. ആരാധനക്ക് അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിശ്ചയം മുഹമ്മദ് അല്ലാഹുവിന്റെ ദൂതനും അടിമയുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു)."**

(മുത്തഫഖുൻ അലൈഹി)

## (79) നമസ്ക്കാരത്തിൽ ഇരിക്കേണ്ട രൂപവും, തശഹ്ഹുദിൽ വിരൽ ചൂണ്ടലും

അബ്ദുല്ലാഹി ബ്നു സുബൈർ﵁ പറഞ്ഞു :

**"നബിﷺ നമസ്കാരത്തിൽ ഇരുന്നാൽ അദ്ദേഹം തന്റെ വലതു കൈ വലതു തുടയിലും ഇടതു കൈ ഇടതു തുടയിലും വെക്കുമായിരുന്നു, എന്നിട്ട് അദ്ദേഹം തന്റെ ചൂണ്ടു വിരൽ കൊണ്ട് ചൂണ്ടി പിടിക്കുകയും ചെയ്യും."**

(മുസ്ലിം)

## (80) തശഹ്ഹുദിന് ശേഷം നബി യുടെ മേലുള്ള സ്വലാത്ത്.

തെളിവ് : ഫദാലത്ത് ബ്നു ഉബൈദ്ﷺ വിന്റെ ഹദീഥാകുന്നു.

**"നബിﷺ പറഞ്ഞു : നിങ്ങൾ ദുആ ചെയ്യുമ്പോൾ തന്റെ റബ്ബിനെ സ്തുതിച്ച് കൊണ്ടും അവനെ വാഴ്ത്തികൊണ്ടും തുടങ്ങട്ടെ. പിന്നീട് അവൻ നബിﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുകയും ശേഷം അവൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾക്ക് വേണ്ടി ദുആ ചെയ്യുകയും ചെയ്യട്ടെ."**

(ഇമാം അബൂദാവൂദ് ഉദ്ദരിച്ച സ്വഹീഹായ ഹദീഥാകുന്നു.)

നബിﷺ യുടെ മേലുള്ള സ്വലാത്തിന്റെ രൂപങ്ങളിൽ ഏറ്റവും നല്ലത് അബൂ മസ്ഊദ് അൽ ബദ്രിﷺ ഉദ്ദരിക്കുന്ന ഹദീഥിൽ വന്നതാണ്.

**"ബശീർ ബ്നു സഅദ്ﷺ നബിﷺ യോട് പറഞ്ഞു : അല്ലാഹു ഞങ്ങളോട് താങ്കളുടെ മേൽ സ്വലാത്ത് ചൊല്ലാൻ കൽപ്പിച്ചിരിക്കുന്നു, ഓ! അല്ലാഹുവിന്റെ ദൂതരെ.. ഞങ്ങളെങ്ങനെയാണ് താങ്കളുടെ മേൽ സ്വലാത്ത് ചൊല്ലേണ്ടത്. റസൂൽﷺ പറഞ്ഞു : നിങ്ങൾ പറയുക ,**

اللهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ، كَمَا صَلَّيْتَ عَلَى آلِ إِبْرَاهِيمَ وَبَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى آلِ إِبْرَاهِيمَ فِي الْعَالَمِينَ، إِنَّكَ حَمِيدٌ مَجِيدٌ

**(അല്ലാഹുവേ! ഇബ്രാഹീംعليه السلام നും കുടുംബത്തിനും മേൽ നീ സ്വലാത്ത് (രക്ഷയും സമാധാനവും) ചൊരിഞ്ഞത് പോലെ മുഹമ്മദ് നബിﷺ ക്കും കുടുംബത്തിൻ മേലും നീ രക്ഷയും സമാധാനവും ചൊരിയേണമേ! അല്ലാഹുവേ! ഇബ്രാഹീംعليه السلام നേയും കുടുംബത്തേയും ലോകരുടെ കൂട്ടത്തിൽ നീ അനുഗ്രഹിച്ചതു പോലെ മുഹമ്മദ് നബിﷺ യേയും കുടുംബത്തേയും നീ അനുഗ്രഹിക്കേണമേ.. നീ വളരെ അധികം സ്തുതിക്കപ്പെടുന്നവനും അതി മഹത്വമുള്ളവനുമാണ്)."**

(ഇമാം മുസ്ലിം ഉദ്ദരിച്ചത്)

## (81) അത്തഹിയ്യാത്തിൽ സലാം വീട്ടുന്നതിനു മുമ്പുള്ള പ്രാർത്ഥനയും അതിനു ശേഷമുള്ള ദിക്റും

അബൂ ഹുറൈറﷺ വിൽ നിന്ന് ഉദ്ദരിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം പറഞ്ഞു : നബിﷺ പറഞ്ഞു :

**"നിങ്ങളിലൊരാൾ അവസാനത്തെ തശഹ്ഹുദ് പൂർത്തിയാക്കിയാൽ അവൻ അല്ലാഹുവിനോട് നാല് കാര്യങ്ങളിൽ നിന്ന് രക്ഷ തേടിക്കൊള്ളട്ടെ: നരകത്തിലെ ശിക്ഷയിൽ നിന്നും, ഖബറിലെ ശിക്ഷയിൽ നിന്നും, ജീവിതത്തിലും മരണത്തിലും ഉണ്ടായേക്കാവുന്ന കുഴപ്പങ്ങളിൽ നിന്നും, മസീഹുദ്ദജ്ജാലിന്റെ ഉപദ്രവങ്ങളിൽ നിന്നും."**

(മുസ്ലിം : 588)

മുആദ് ബ്നു ജബൽﷺ വിൽ നിന്ന് ഉദ്ദരിക്കുന്നു. നബിﷺ അദ്ദേഹത്തിന്റെ കൈ പിടിച്ച് കൊണ്ട് പറഞ്ഞു :

**"ഓ മുആദ്! അല്ലാഹുവാണേ, ഞാൻ നിന്നെ ഇഷ്ടപ്പെടുന്നു. മുആദേ! ഓരോ നമസ്ക്കാരത്തിന്റേയും അവസാനത്തിൽ നീ**

**اللَّهُمَّ أَعِنِّي عَلَى ذِكْرِكَ، وَشُكْرِكَ، وَحُسْنِ عِبَادَتِكَ**

**(അല്ലാഹുവേ! നിന്നെ ദിക്ർ ചെയ്യുവാനും നിന്നോട് നന്ദി കാണിക്കുവാനും ഉത്തമമായി ഇബാദത്ത് ചെയ്യാനും എന്നെ സഹായിക്കേണമേ) എന്ന് പറയാതെ പിരിയരുത് എന്ന് ഞാൻ നിന്നോട് വസിയ്യത്ത് ചെയ്യുന്നു."**

ഇത് സ്വഹീഹായ ഹദീഥാണ്.

## (82) ഉറങ്ങുമ്പോഴും ഉണരുമ്പോഴുമുള്ള ദിക്റുകൾ

ഹുദൈഫﷺ വിൽ നിന്ന് ഉദ്ദരിക്കപ്പെട്ടിരിക്കുന്നു : അദ്ദേഹം പറഞ്ഞു :

നബിﷺ ഉറങ്ങാൻ ഉദ്ദേശിച്ചാൽ ഇപ്രകാരം പറയും :

بِاسْمِكَ اللهُمَّ أَمُوتُ وَأَحْيَا

**(അല്ലാഹുവേ! നിന്റെ നാമത്തിൽ ഞാൻ ഉറങ്ങുകയും ഉണരുകയും ചെയ്യുന്നു)**

അദ്ദേഹം ഉറക്കിൽ നിന്ന് ഉണർന്നാൽ ഇപ്രകാരം പറയും :

الْحَمْدُ لِلَّهِ الَّذِي أَحْيَانَا بَعْدَ مَا أَمَاتَنَا وَإِلَيْهِ النُّشُورُ

**(നമ്മുടെ ആത്മാവിനെ (ഉറക്കിൽ) എടുത്ത ശേഷം തിരിച്ചു തന്ന അല്ലാഹുവിനാണ് എല്ലാ സ്തുതിയും നന്ദിയും. അവനിലേക്കാണ് നമ്മുടെ പരലോക വിചാരണക്കുള്ള ഉയിർത്തെഴുന്നേൽപ്പ്).”**

(ബുഖാരി)

## (83) തിന്നുമ്പോൾ ബിസ്മി ചൊല്ലൽ

തെളിവ് : ഉമർ ബ്നു അബീ സലമﷺ വിന്റെ ഹദീഥാകുന്നു. നബിﷺ അദ്ദേഹത്തോട് പറഞ്ഞു :

**“ഓ കുട്ടീ! അല്ലാഹുവിന്റെ നാമം ഉച്ചരിക്കൂ, നിന്റെ വലത് കൈ കൊണ്ട് തിന്നൂ. നിന്റെ അടുത്ത് നിന്ന് തിന്നുകയും ചെയ്യൂ..”**

അതിനു ശേഷം എന്റെ തീറ്റ അപ്രകാരം തുടർന്നു.

(മുത്തഫഖുൻ അലൈഹി)

**(84) അയൽവാസികളേയും മറ്റു മുസ്ലിംകളേയും ഉപദ്രവിക്കൽ ഹറാം.**

തെളിവ് : അബ്ദുല്ലാഹ് ബ്നു അംറ്ﷺ വിന്റെ ഹദീഥാകുന്നു. നബിﷺ പറഞ്ഞു :

**"ആരുടെ കരങ്ങളിൽ നിന്നും, നാവിൽ നിന്നും മുസ്ലിംകൾ സുരക്ഷിതരായിരിക്കുന്നുണ്ടോ അവനാണ് യഥാർത്ഥ മുസ്ലിം."**

(മുത്തഫഖുൻ അലൈഹി)

**(85) ഒരു വീട്ടിൽ പ്രവേശിക്കുകയാണെങ്കിൽ പ്രവേശിക്കുന്നതിന് മുമ്പ് അനുവാദം ചോദിക്കുകയും സലാം പറയുകയും വേണം**

തെളിവ് : അല്ലാഹുവിന്റെ വാക്കാകുന്നു :

﴿يَا أَيُّهَا الَّذِينَ آمَنُوا لَا تَدْخُلُوا بُيُوتًا غَيْرَ بُيُوتِكُمْ حَتَّىٰ تَسْتَأْنِسُوا وَتُسَلِّمُوا عَلَىٰ أَهْلِهَا ۚ ذَٰلِكُمْ خَيْرٌ لَّكُمْ لَعَلَّكُمْ تَذَكَّرُونَ﴾

**'' ഹേ; സത്യവിശ്വാസികളേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾ പ്രവേശിക്കരുത്, നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ."**

(സൂറ: അൽ നൂർ: 27)

നബിﷺ യുടെ സ്വഹാബത്തിൽപെട്ട ഒരാളിൽ നിന്ന് ഉദ്ദരിക്കുന്നു :

**"നബിﷺ തന്റെ ഭൃത്യനോട് പറഞ്ഞു : ഇന്നയാളുടെ അടുക്കൽ നീ പോവുക. എന്നിട്ട് എപ്രകാരമാണ് അനുവാദം ചോദിക്കൽ എന്ന് നീ അവനെ പഠിപ്പിക്കുക. നീ അവനോട് പറയുക : السلام عليكم ഞാൻ പ്രവേശിച്ചോട്ടേ? എന്ന് നീ പറയണം."**

അബൂഹുറൈറ ﵁ വിൽ നിന്ന് ഉദ്ദരിക്കുന്നു : നബി ﷺ പറഞ്ഞു :

**"നിങ്ങൾക്കിടയിൽ സലാം പ്രചരിപ്പിക്കുക."**

(മുസ്‌ലിം)

**(86) നീ സത്യസന്ധനാവുക, തീർച്ചയായും അത് നിന്നെ സ്വർഗത്തിലേക്ക് നയിക്കുന്നതാണ്.**

തെളിവ് : ഇബ്നു മസ്ഊദ് ﵁ വിന്റെ ഹദീഥാകുന്നു. നബി ﷺ പറഞ്ഞു :

**"സത്യം പറയൽ നന്മയിലേക്കും, നന്മ സ്വർഗ്ഗത്തിലേക്കും നയിക്കും. കള്ളം പറയൽ ദുർവൃത്തിയിലേക്കും, ദുർവൃത്തി നരഗത്തിലേക്കും നയിക്കും."**

(മുത്തഫഖുൻ അലൈഹി)

**(87) മാതാപിതാക്കൾക്ക് നന്മ ചെയ്യുക.**

അല്ലാഹു നമ്മോട് ഇക്കാര്യം കൽപ്പിച്ചിരിക്കുന്നു. അല്ലാഹു പറഞ്ഞു :

﴿ ۞ وَقَضَىٰ رَبُّكَ أَلَّا تَعْبُدُوٓاْ إِلَّآ إِيَّاهُ وَبِٱلْوَٰلِدَيْنِ إِحْسَٰنًا ﴾

**"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ റബ്ബ് വിധിച്ചിരിക്കുന്നു."**

(സൂറ ഇസ്റാഅ് : 23)

## (88) കാഫിറുകളെ അനുകരിക്കുന്നത് നീ കരുതിയിരിക്കുക.

തീർച്ചയായും നബിﷺ പറഞ്ഞിട്ടുണ്ട് :

**"ആരെങ്കിലും ഒരു ജനതയെ അനുകരിച്ചാൽ അവൻ അവരിൽ പെട്ടവനായി."**

(ഇബ്നു ഉമർ‎ﷺ വിൽ നിന്ന് ഇമാം അഹ്മദും മറ്റു ഇമാമീങ്ങളും ഇത് ഉദ്ദരിച്ചിരിക്കുന്നു.)

**(89)** സ്ഥിരപ്പെട്ടുവന്ന ദിക്റുകളിലൂടെ അല്ലാഹുവിനെ ധാരാളമായി സ്മരിക്കുക. തീർച്ചയായും അത് നിനക്ക് ദുന്യാവിലും ആഖിറത്തിലും വിജയം നൽകും.

അല്ലാഹു പറഞ്ഞു :

﴿ وَٱذۡكُرُواْ ٱللَّهَ كَثِيرٗا لَّعَلَّكُمۡ تُفۡلِحُونَ ﴾

**''.... നിങ്ങൾ അല്ലാഹുവിനെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.''**

(സൂറ : അൽ ജുമുഅ: 10)

അബൂ ഹുറൈറﷺ വിൽ നിന്ന് ഉദ്ദരിക്കുന്നു :

**നബിﷺ പറഞ്ഞു : നാവു കൊണ്ട് ഉച്ചരിക്കാൻ പ്രയാസം കുറഞ്ഞതും, ത്രാസിൽ കനം കൂടിയതും കാരുണ്യവാനായ അല്ലാഹുവിന് ഇഷ്ടപ്പെട്ടതുമായ രണ്ട് വചനങ്ങൾ**

سُبْحانَ اللهِ وبِحَمْدِه , سُبْحانَ اللهِ العَظِيم

**സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അദീം (അല്ലാഹു എത്രയധികം പരിശുദ്ധൻ, അവനാണ് എല്ലാ സ്തുതിയും നന്ദിയും), (അല്ലാഹു എത്രയധികം പരിശുദ്ധൻ, അവനാണ് സർവ്വ മഹത്വമുള്ളവൻ).**

(മുത്തഫഖുൻ അലൈഹി)

## (90) സദസ്സിൽ സംഭവിക്കുന്ന തെറ്റിന്റെ പ്രായശ്ചിത്ത പ്രാർത്ഥന.

ആയിശ رضي الله عنها യിൽ നിന്ന് ഉദ്ദരിക്കുന്നു.

**നബിﷺ ഒരു സദസ്സിൽ ഇരിക്കുകയോ നമസ്ക്കരിക്കുകയോ ചെയ്താൽ അവിടുന്ന് ചില വാചകങ്ങൾ പറയുമായിരുന്നു.**


**ആയിഷ رضي الله عنها ആ വാക്കുകളെ കുറിച്ച് അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു : അവർ നന്മയാണ് സംസാരിച്ചതെങ്കിൽ ഖിയാമത്ത് നാൾ വരേക്കും അവയ്ക്കു മേൽ അത് മുദ്രയായിരിക്കും, ഇനി അതല്ലാത്ത വല്ലതുമാണ് അവർ സംസാരിച്ചതെങ്കിൽ അതിനുള്ള പ്രായശ്ചിത്തമായി**

سُبْحَانَكَ وَبِحَمْدِكَ، لَا إِلَهَ إِلَّا أَنْتَ، أَسْتَغْفِرُ اللَّهَ، وَأَتُوبُ إِلَيْهِ

**((അല്ലാഹുവേ) നീ എത്രയധികം പരിശുദ്ധൻ! നിന്നെ ഞാൻ (അത്യധികം) സ്തുതിക്കുകയും നിനക്ക് ഞാൻ നന്ദി കാണിക്കുകയും ചെയ്യുന്നു! യഥാർത്ഥത്തിൽ നീ അല്ലാതെ**

**ആരാധനക്ക് അർഹനായി മറ്റാരുമില്ല.അല്ലാഹുവിനോട് ഞാൻ പൊറുക്കലിനെ തേടുകയും, അവനിലേക്ക് ഞാൻ ഖേദിച്ചു മടങ്ങുകയും ചെയ്യുന്നു).**

(അഹ്മദ്, ഹദീഥ് സ്വഹീഹ്)



യെമനിലെ ദാറുൽ ഹദീഥിന്റെ സ്ഥാപകനായ ഷൈഖ് മുഖ്ബിൽ
യുടെ പ്രമുഖ ശിഷ്യനും അദ്ദേഹത്തിന്റെ പിൻഗാമിയുമായ
ഷൈഖ് യഹ്‌യ അൽ ഹജൂരിയുടെ ഈ ഗ്രന്ഥം ഒരു മുസ്‌ലിം
തീർച്ചയായും അറിഞ്ഞിരിക്കേണ്ട അടിസ്ഥാനപരമായ വിശ്വാസ
കർമശാസ്ത്ര വിജ്ഞാന സംഗ്രഹമാണ്.

നിരവധി ഭാഷകളിലേക്ക് പരിഭാഷ ചെയ്യപ്പെട്ട, കുട്ടികൾക്കും
മുതിർന്നവർക്കും ഒരുപോലെ ഉപകാരപ്രദമായ ഈ ഗ്രന്ഥം
മലയാളത്തിൽ നിങ്ങളിലേക്ക് എത്തിക്കുകയാണ്.